# ST .GEORGE HS MANIMALA

# അക്ഷരസ്പന്ദനം

## 2025

ഡിജിറ്റൽ മാഗസിൻ



# സന്ദേശം

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്നു.വിജ്ഞാനംവിരൽത്തുമ്പിൽഎത്തിനിൽക്കുന്ന ഈ കാലഘട്ടത്തിൽ ഡിജിറ്റൽ വായനയും ഡിജിറ്റൽ പഠനവും വിദ്യാഭ്യാസത്തിൻെറ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ തയ്യാറാക്കുന്ന ഈ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു. ക്രിയാത്മകമായിസാഹിത്യസൃഷ്ടികളെഅവതരിപ്പിക്കാനുളളകഴിവിന് മകുടോദാഹരമാണ് ഈ മാഗസിൻ.അക്ഷരസ്പന്ദനംഎന്നഡിജിറ്റൽ മാഗസിൻെറപ്രവർത്തനത്തിനുപങ്കാളികളായ എല്ലാ കുട്ടികൾക്കും അതിനു പ്രോത്സാഹനം നൽകിയ അധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

ഹെഡ്മിസ്ട്രസ്
മിനിമോൾ പി എസ്

# മുഖമൊഴി

ആത്മസംഘർഷങ്ങളുടെയും ഒറ്റപ്പെടലുകളുടെയും വേദനകളിലൂടെ കടന്നുപോവുന്ന ഈ കാലഘട്ടത്തിൽ മനസ്സിന് നവോന്മേഷം പകരുന്ന രചനകളാൽ തങ്ങളുടെ കഴിവുകൾ തെളിയിക്കാൻ പ്രിയ വിദ്യാർത്ഥികൾക്ക്കഴിഞ്ഞതിൽഞാൻഅഭിമാനിക്കുന്നു.

"**അക്ഷരസ്പന്ദനം**(RHYTHMOFLETTERS)"എന്ന ഡിജിറ്റൽമാഗസിൻെറതാളുകളെഹൃദയഹാരിയുംനയനാകർഷണവുമാക്കിതീർത്ത എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും നന്ദി.

കാലത്തിൻെറ ചുവരെഴുത്തുകൾ അതേ പടി ഒപ്പിയെടുക്കാൻ ഏത്പ്രതികൂലസാഹചര്യങ്ങളെയും അനുകൂലമാക്കി ക്രിയാത്മകമായി സാഹിത്യ സൃഷ്ടികളെ അവതരിപ്പിക്കാൻ ഈ മാഗസിനു കഴിയട്ടെ.

നവ മാധ്യമങ്ങളുടെ സ്വാധീനത്തിൽപ്പെട്ട് ജീവിതം വഴി മാറുന്ന ഈ സാഹചര്യത്തിൽ പോലും നവമാധ്യമങ്ങളെ മറ്റുള്ളവർക്ക് ഉപകാരപ്രദമായി തീരുന്നതിനുള്ള പരിശ്രമങ്ങൾ നടത്തിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

നീറുന്ന മനസ്സിൽ ഒരു ഇളംകാറ്റായിവീശാൻ "**അക്ഷരസ്പന്ദനം**"എന്ന മാഗസിന് കഴിയട്ടെ...

- അനി മാത്യു
(ലിറ്റിൽ കൈറ്റ്സ്)
ചീഫ് എഡിറ്റർ

# EDITOR TALK

കാലത്തിന്റെ വളർച്ചയിൽ ലോകത്തിൽ ഉണ്ടായ മാറ്റങ്ങൾ അവർണ്ണനിയമാണ്.വിവര സാങ്കേതിക വിദ്യയിൽ  ഈ വളർച്ച അത്ഭുതാവഹമാണ്.അതിനെ ശരിയായ ദിശയിൽഅതിനെ പ്രയോജനപ്പെടുത്താൻ നമ്മുക്ക് കഴിയണം. ഈ മാഗസിൻെറ നിർമ്മാണ പ്രവർത്തനങ്ങളിൽപങ്കാളികൾ ആകാൻ കഴിഞ്ഞതിൽ ഞങ്ങൾഅഭിമാനിക്കുന്നു.ക്രിയാത്മകവും,ഭാവനാത്മക വുമായ സൃഷ്ടികളിലൂടെ ആത്മവിശ്വാസവും,കഴിവും വർദ്ധിപ്പിക്കാൻ അക്ഷരസ്പന്ദനം മാർഗ്ഗദീപമാവട്ടെ. ഇതിൻെറ പിന്നിൽ പ്രവർത്തിച്ച  എല്ലാവർക്കും നന്ദി.

വരുംതലമുറയിലെകുട്ടികൾക്കുപ്രചോദനവും,ആത്മവിശ്വാസവും നൽകി ആസ്വാദക ഹൃദയങ്ങളിലേക്ക് അവരുടെ സൃഷ്ടികൾ എത്തിക്കാൻ ഈ മാഗസിൻ വെളിച്ചമാകട്ടെ.

എഡിറ്റർ

മേഘന സൂസൻ വിനോദ്

# അക്ഷരസ്പന്ദനം

## എഡിറ്റോറിയൽ ബോർഡ്

മേഘ്ന സൂസൻ വിനോദ്-എഡിറ്റർ

നിയ റോയി

ജ്ജിൻറാ തോമസ്

ലിൻറാ മോൾ

ആഷ് ലി ഷാജി

ഷൈൻ സെബാസ്റ്റ്യൻ

ഐശ്വ്യര മോൾ രമേഷ്

# ഇതൾ വിടരുമ്പോൾ

# എ ഐ സാങ്കേതിക വിദ്യ

# അവനുവേണ്ടി ഒരുക്കിയഇൻ്ററർവ്യൂ

# പ്രകൃതി –ലേഖനം

# ജീവിതയാത്രയിൽ കൂടെ കരുതേണ്ട പാഥേയമാണ് മൂല്യങ്ങൾ

#ഗുരുവിൻെറ നേരെ ഉയർന്നവാൾ

#അമ്മ

#എൻെറ മുല്ല പൂന്തോട്ടം

#കോരിച്ചോരിയുന്ന മഴ

#ഒറ്റപെട്ട രണ്ടു നക്ഷത്രങ്ങൾ

#കാടിന്റെ കഥ

#കാണാതെപോയകുട്ട്

#അഹങ്കാരിയായചങ്ങാതി

#ജനനി

#കിനാവ്

#മാതൃഭാഷയുടെ വികാസം സ്വന്തം കാഴ്ച്ചപ്പാടിൽ

#ഓർമ്മയുടെനിധിപ്പെട്ടികൾ

#അവസാനമില്ലാത്തയാത്ര

#പുതുമഴ

#മാതൃസ്നേഹം

#mylife is not any more

sea voyage

പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത

Drizzling beauty


Sleeping beauty

## we shine,sunshine

അക്ഷരസ്പന്ദനം

TheKerala's Beauty

പാസ്റ്റിക് രഹിത കേരളം



# എഐ സാങ്കേതികവിദ്യ

കൃത്രിമ ബുദ്ധി (artificial intelligence, AI) യന്ത്രങ്ങളുടെ ബുദ്ധിയേയും അതുപോലെ അത് യാഥാർഥ്യമാക്കാൻ ലക്ഷ്യമിട്ട കമ്പ്യൂട്ടർ ശാസ്ത്രത്തിലെ ശാഖയേയും കുറിക്കാൻ ഉപയോഗിക്കുന്നു. ബൗദ്ധിക സഹായികളെ കുറിച്ചുള്ള പഠന മേഖലയാണ് എഐ ഗവേഷണം എന്ന് നിർവചിക്കപ്പെട്ടിട്ടുണ്ട്, അത് പരിതസ്ഥിതിയെ മനസ്സിലാക്കുകയും അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്ന ഏതൊരു സംവിധാനത്തെയും സൂചിപ്പിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പുതിയ തൊഴിൽ സാധ്യതകൾ തുറന്നിടുക മാത്രമല്ല പുതിയ ലോകക്രമത്തെ കൂടിയാവും സൃഷ്ടിക്കുന്നതെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു

കൃത്രിമ ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ) സാങ്കേതികവിദ്യ അടിസ്ഥാനമാക്കി നിർമിച്ച സോഫിയ. സംസാരിക്കാനും വികാരങ്ങൾ പ്രകടിപ്പിക്കാനും കഴിവുള്ള ഹ്യൂമനോയ്ഡ് റോബോട്ടാണ് ഇത്.

മനുഷ്യനെ പോലെ ചിന്തിക്കുവാനും തീരുമാനങ്ങളെടുക്കുവാനും യന്ത്രങ്ങൾക്ക് കഴിയുമോ? പല ഹോളിവുഡ് ചിത്രങ്ങളിലും എന്തിന് നമ്മുടെ 'എന്തിരൻ' മുതൽ 'ആൻഡ്രോയിഡ് കുഞ്ഞപ്പൻ' വരെയുള്ള ചിത്രങ്ങൾ ഇതിന്റെ സാധ്യതകൾ കാട്ടിത്തന്നതാണ്. ഇന്ന് റോബോട്ടുകളിൽ മാത്രമല്ല, ഒട്ടു മിക്ക എല്ലാ മേഖലകളിലും ഈ സാങ്കേതിക വിദ്യയുടെ വളർച്ച കൈകടത്തി അവസരങ്ങളുടെ ഒരു പുതിയ ലോകത്തെ തന്നെ തുറന്നിട്ടിരിക്കുകയാണ്.നിർമ്മിത ബുദ്ധിയുടെ ചരിത്രം തുടങ്ങുന്നത് 1950 കളോടെയാണ്. അമേരിക്കൻ കമ്പ്യൂട്ടർ ശാസ്ത്രജ്ഞനായ ജോൺ മക്കാർത്തിയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പേര് ഈ ശാസ്ത്ര ശാഖയ്ക്ക് നൽകിയത്. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ നാം ഉപയോഗിക്കുന്ന ഒട്ടുമിക്ക യന്ത്ര സംവിധാനങ്ങളും നിർമ്മിത ബുദ്ധിയുടെ സാങ്കേതികത്വം ഉപയോഗിക്കുന്നുണ്ട്. ഡിജിറ്റൽ ജീവിതത്തിലെ ഒരു അവിഭാജ്യ ഘടകമായി നിർമ്മിത ബുദ്ധി വളർന്നിരിക്കുന്നു. ഓപൺ എ ഐ എന്ന റിസർച്ച് കമ്പനി വികസിപ്പിച്ച ഭാഷാ മോഡലാണ് ചാറ്റ് ജിപിടി. ഉപയോക്താക്കളോട് വാക്കുകളുടെ രൂപത്തിൽ ആശയവിനിമയം നടത്താനും പ്രതികരണങ്ങൾ സൃഷ്ടിക്കുന്നതിനും വലിയ അളവിലുള്ള ശക്തിയിതിനുണ്ട്. ടെക്സ്റ്റ് മനസ്സിലാക്കാനും ജനറേറ്റ് ചെയ്യാനും ശക്തമായ അൽഗോരിതങ്ങളും സ്വാഭാവിക ഭാഷാ പ്രോസസ്സിംഗ് ടെക്നിക്കുകളും ഉപയോഗിക്കുന്നു.

ഏതൊരു സാങ്കേതിക വിദ്യയിലേതും പോലെ, ചാറ്റ് ജിപിടിക്കും പരിമിതികളുണ്ട്. നിർമിത ബുദ്ധിയിലാണ് ഈ ചാറ്റ്ബോട്ട് പ്രവർത്തിക്കുന്നത്. മനുഷ്യന്റെ സാമാന്യബുദ്ധിയും പൊതുവിജ്ഞാനവും അവക്കുണ്ടാകില്ല. സന്ദർഭം മനസ്സിലാക്കുന്നതിനോ കൂടുതൽ അമൂർത്തമായ ഉത്തരം ആവശ്യമുള്ള ചോദ്യങ്ങൾക്ക് കൃത്യമായ പ്രതികരണം നൽകുന്നതിനോ അതിന് സാധിക്കില്ല.

ഡാറ്റയിൽ നിന്ന് ലഭ്യമാകുന്ന പാറ്റേണുകളെ അടിസ്ഥാനമാക്കി ടെക്സ്റ്റ് സൃഷ്ടിക്കുകയാണ് ചാറ്റ് ജിപിടി ചെയ്യുന്നത്.

അപകട സാധ്യതകൾ സംഭാഷണ രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ കഴിവുള്ള വളരെ വികസിത ഭാഷാ മോഡലായ ചാറ്റ് ജിപിടിയുടെ പ്രയോജനങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെങ്കിൽ ഉത്തരവാദിത്വത്തോടെ അത് ഉപയോഗിക്കേണ്ടത് പ്രധാനമാണ്. അതിന്റെ പരിമിതികൾ മനസ്സിലാക്കുകയും അപകട സാധ്യതകൾ കുറക്കുകയും ചെയ്യുമ്പോൾ മാത്രമാണ് മറ്റു സാങ്കേതിക വിദ്യകളെപ്പോലെ ഇതും മനുഷ്യഗുണത്തിന് പാകപ്പെടുകയുള്ളൂ. എ ഐയിലെ സംഭവ വികാസങ്ങൾ നിരീക്ഷിക്കുകയും ഈ സാങ്കേതിക വിദ്യയുടെ നേട്ടങ്ങളെയും അപകട സാധ്യതകളെയും കുറിച്ച് കൃത്യമായഅവബോധം ഉണ്ടാക്കുകയും ചെയ്യുക എന്നത് പ്രധാനമാണ്. ഈ മുന്നേറ്റത്തിന്റെ പ്രത്യാഘാതങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾത്തന്നെ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു.

അനി മാത്യു റ്റി

# അവനുവേണ്ടിഒരുക്കിയഇൻറർവ്യൂ

## ജോസഫ് ആൻറണി

എൽഡി ക്ലാർക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരി ച്ചിരിക്കുന്നു.

റൂബൻ സന്തോഷത്തിന് അതിരില്ലായിരുന്നു. ലഭിച്ചിരിക്കുന്നത് ഒന്നാം റാങ്കാണ്. ഹൃദയം സന്താഷംകൊണ്ട്. വിങ്ങുന്നത് അവൻ അറിഞ്ഞു.കൂലിവേല ചെയ്ത് വൈകുന്നേരങ്ങളിൽ തളർന്നു വരുന്ന അപ്പനെ എന്നും സങ്കട ത്തോടെ അവൻ നോക്കി നിൽക്കും. തനി ക്കൊരു ജോലി കിട്ടിയാൽ പിന്നെ അപ്പനെ കൂലിവേലക്ക് വിടില്ലെന്നാണ് വാശി ആ കഷ്ടപ്പാടുകൾ കണ്ട് പലപ്പോഴും അവൻെറ ആഗ്രഹങ്ങൾ അവൻ മറന്നുകളഞ്ഞിട്ടേയുള്ളൂ.ഒരു ജോലി വേണം. അത് മാത്രമായിരുന്നു അവന്റെ പ്രാർത്ഥന. പലപ്പോഴും ഈശ്വരൻ എന്തുകൊണ്ട് കനിയുന്നില്ല എന്ന ചോദ്യ വും അവന്റെ പ്രാർത്ഥനയായിരുന്നു. ഒടുവിൽ ഈശ്വരൻ അത് കേൾക്കുക തന്നെചെയ്തിരിക്കുന്നു. റാങ്ക് ലഭിച്ചവിവരം അപ്പനെ അറിയിക്കണം.അവൻ തൻെറ സൈക്കിളുമെടുത്ത് അപ്പൻ പണിയെടുക്കുന്ന സ്ഥലത്തേയ്ക്ക് വേഗത്തിൽ കുതിച്ചു.

ചാക്കോമുതലാളിയുടെ പറമ്പിൽ റബ്ബർ തൈ നടുന്നതിനായി കുഴിയെടുക്കുകയായിരുന്നു റൂബൻെറ അപ്പൻ റോയിച്ചൻ. കുഴിയെടുത്ത് മടുത്തപ്പോൾ തണലുള്ള ഒരു ആഞ്ഞിലി മരത്തിൻ്റെ ചുവട്ടിൽ കയറി ഇരുന്നു. ക്ഷീണം കണ്ണുകളിൽ മയങ്ങിപ്പോയത് റോയിച്ചൻഅറിഞ്ഞില്ല ചാക്കോമുതലാളിയുടെ പറമ്പിൽ എത്തിയി ട്ടും അപ്പൻ പണിയെടുക്കുന്നതിന്റെ ശബ് ദമെന്നും റൂബൻ കേട്ടില്ല. തൂമ്പാകൊണ്ടു എവിടെയങ്കിലും കിളയ്ക്കുന്നുണ്ടോന്ന് അവൻ ശ്രദ്ധിച്ചു. അതുമില്ല. ഒന്നും കേൾക്കാത്തതിനാൽ റൂബൻ പറമ്പിൽ മുഴവൻ കണ്ണോടിച്ചു.

ആഞ്ഞിലി മരത്തിന്റെ ചുവട്ടിൽ തണൽപറ്റി മയങ്ങുന്ന അപ്പനെകണ്ട് അവൻ സൈക്കി ളിൻ്റെ ബെൽ തെരുതെരെ അടിച്ചു. സൈക്കിളിൻ്റെ ബെൽ കേട്ട് ഞെട്ടിയുണർന്ന റോയിച്ചൻ ചിരിച്ചുകൊണ്ട് നിൽ ക്കുന്ന മകനെ കണ്ട് ചോദിച്ചു .

"എന്തുപറ്റിയെടാ?"

അപ്പന്റെ ചോദ്യത്തിന് മറുപടി പറയാനായി സൈക്കിൾ ഒന്ന് ചവുട്ടി വെച്ച് നിർത്തി. “അച്ചാച്ചാ എൽ.ഡി ക്ലർക്കിൻ്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു എനിക്കാ ഒന്നാം റാങ്ക്. റോയിച്ചൻ ചാടി എഴുന്നേറ്റു.. ആ കണ്ണു കൾ സന്തോഷം കൊണ്ട് നിറയുന്നത് റുബൻ കണ്ടു.

തൻെറ മകൻ ഒരു സർക്കാർ ഉദ്യോഗസ്ഥൻ ആകുന്നത് പല തവണ റോയിച്ചൻ സ്വപ്നം കണ്ടിരുന്നു. അതു യാഥാർത്ഥ്യമാകാൻ പോകുന്നു.റോയിച്ചന്റെ സന്തോഷത്തിന് അതിരില്ലാതായി. അന്നത്തെ പണി നേരത്തെ നിർത്തി അപ്പനും മോനും കൂടി വീട്ടിലേക്ക് മടങ്ങി. ആ വീട്ടിൽ പിന്നെ സന്തോഷത്തിൻെറ ദിന ങ്ങൾ ആയിരുന്നു.

ദിവസങ്ങൾ വളരെ വേഗം കടന്നുപോയി.

ഇന്റർവ്യൂവിന്റെ ദിവസം അടുത്തെത്തി. തലേദിവസം വൈകുന്നേരം ധരിച്ചുകൊണ്ട് പോകുവാനുള്ള വസ്ത്രങ്ങളെല്ലാം ഇസ്തിരിയിട്ട് റെഡിയാക്കി വച്ചു.

ഫോൺ സ്വിച്ച് ഓഫ് ആക്കി വളരെ നേരത്തെ കയറി കിടന്നു. ഉറക്കത്തിൽ പലവിധ മോഹന സ്വപ്നങ്ങൾ അവന്റെ മനസ്സിൽ വർണ്ണം വാരി വിതറി.   സങ്കല്പത്തിലുള്ള ജീവിതം മറ്റുള്ളവർക്ക്അസൂയഉണ്ടാക്കുന്നതരത്തിൽആയിരിക്കുമെന്ന്അവ ൻമനസ്സിൽഉറപ്പിച്ചു.
പുലരുംമുമ്പതന്നെ റൂബൻ ഉണർന്നു. പത്രക്കാരൻ പത്രം മുറ്റത്തേക്ക് വേണമെ ങ്കിൽ വായിച്ചോ എന്നമട്ടിൽ വലിച്ചെറി ഞ്ഞിട്ട് പോകുന്നത് ജനലിൽ കൂടി റൂബൻ കണ്ടു.

കതക് തുറന്ന് മുറ്റത്തിറങ്ങി പത്രം കയ്യിലെ ടുത്തു. വെറുതെ വാർത്തകളിലൂടെ ഒന്നു കണ്ണോടിച്ചു.

ആ വാർത്ത കണ്ട് ഒരു നിമിഷം അവൻ തരിച്ചുനിന്നുപോയി.

അന്ന് ഇന്റർവ്യൂ ഇൻറർവ്യൂ നടക്കേണ്ട എൽ.ഡി.ക്ലർക്ക് ജോലിയുടെ റാങ്ക് ലിസ്റ്റ് റദ്ദാക്കിയിരിക്കുന്നു.തൻെറസ്വപ്നങ്ങളുടെ മേൽ ഇടിത്തീവീണിരിക്കുന്നു.

തലേദിവസം ടിവി വാർത്ത ഒന്നും കണ്ടിരുന്നില്ല. അതുകൊണ്ട് തന്റെ അപ്പനും
അമ്മയും ഇത് അറിഞ്ഞിട്ടില്ല എന്ന് റൂബന്അറിയാമായിരുന്നു. പത്രം ആരും കാണാതെ അവൻ ഇന്റർവ്യൂവിന് കൊണ്ടുപോകാനിരുന്ന സർട്ടിഫിക്കറ്റിൻെറകൂട്ടത്തിൽ മടക്കി ഭദ്രമാക്കി വച്ചു. ഒന്നും സംഭവിക്കാത്ത മട്ടിൽ അപ്പൻെറയും അമ്മയുടെയും മുന്നിൽനിന്ന് ഇന്റർവ്യൂനായി യാത്ര തിരിച്ചു. റോയിച്ചനും റൂബൻെറഅമ്മയും അവൻ കണ്ണിൽ നിന്നും മറഞ്ഞിട്ടും വീടിൻെറവരാന്തയിൽ നോക്കി നിന്നു.

റൂബൻ എറണാകുളത്തിനുള്ള ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ കയറി യാത്ര ആരംഭിച്ചു. എന്തെങ്കിലും ഒരു ജോലി സംഘടിപ്പിക്കണം.

അവിടെ ചെന്നാൽ ഒരു ജോലി ലഭിക്കാതിരിക്കുമോ....
അവന് ആശങ്കയായി ...
എന്ത് ജോലി കിട്ടിയാലും ചെയ്യാമെന്ന് ഉറച്ച് എറണാകുളം വൈറ്റില ജംഗ്ഷനിൽ ബസ് ഇറങ്ങി.

റോഡിന്റെ വലത് സൈഡിൽ കൂടി മുന്നോ ട്ടു നടന്നു. കുറച്ചു മുന്നിലായി ഒരു കാർ റോഡ് സൈഡിൽ നിർത്തിയിട്ടിരിക്കുന്നത് കണ്ടു. റൂബൻ അടുത്ത് എത്താറായപ്പോൾ ആ കാർസ്റ്റാർട്ട് ചെയ്തു മുന്നോട്ടുപോയി. ആ സമയം ആ കാറിൻെറപിൻസീറ്റിൽ ഒറ്റയ്ക്കിരിക്കുകയായിരുന്ന നാലോ അഞ്ചോ വയസ് പ്രായമുള്ള ഒരു കുട്ടിയെ റൂബൻ കണ്ടു. ആ കുട്ടി എന്തോ ഒരു പൊതി വലി ച്ചു റോഡിലേക്ക് എറിഞ്ഞു. കാർ അകന്നു പോയി.

റൂബെൻ ആ കുട്ടി വലിച്ചെറിഞ്ഞ കെട്ടെടുത്ത് അഴിച്ചുനോക്കി നിറയെ നോട്ടുകെട്ടുകൾ ചെറിയ രണ്ട് കവറിൽ സ്വർണ്ണമാലയും വളയും....

ഒന്നു പകച്ചുപോയ റൂബൻ പൊതിയെടുത്ത് തന്റെ ബാഗുകളിനുള്ളിലാക്കി അവിടെ ത്തന്നെ നിന്നു.... സമയം കുറേ കഴിഞ്ഞു. നന്നായി വെയിൽ ഏൽക്കുന്നുണ്ട്. ദാഹം തോന്നുന്നുണ്ടെങ്കിലും കുറച്ചു ദൂരം കൂ ടി നടന്നെങ്കിൽ മാത്രമേ ഒരു കട കാണുഎന്നു റൂബനു തോന്നി. അതുകൊണ്ട് ദാഹം ഉള്ളിലൊതുക്കി അവിടെ തന്നെ നില ഉറപ്പിച്ചു. സമയം മുന്നോട്ടുപോയി. റൂബ ന്റെ കണ്ണുകൾ തിളങ്ങി. അവൻ കരുതിയത് പോലെ സംഭവിക്കുന്നു.

അവിടെ നിന്നും പോയ ആ കാറും അതിലെ യാത്രക്കാരും തിരികെ വരുന്നത് അവൻ കണ്ടു. കുറച്ചു ദൂരെ മാറ്റി കാറ് നിർത്തി ഒരു സ്ത്രീയും പുരുഷനും പുറത്തിറങ്ങി. അവർ ചുറ്റും പരുതുകയാണ്.

കാറിലുണ്ടായിരുന്ന ആ കൊച്ചു കുട്ടിനില വിളിച്ച് കരയുന്നുണ്ട്.

റൂബൻ തന്റെ ബാഗിൽ നിന്നും പൊതിയെ ടുത്ത് അവരുടെ നേരെ നീട്ടികൊണ്ട് ഓടി അടുത്തു.

കാറിലെത്തിയ യാത്രക്കാരനായ സ്ത്രീയും പുരുഷനും പൊതി വാങ്ങാതെ റൂബനെ പകച്ചുനോക്കി.

"ഇത് നിങ്ങളുടെ പൊതിയാണ്...."
റൂബൻ അവരെ നോക്കി പറഞ്ഞു.

“ഇതിലെന്താണെന്നറിയാമോ....? എത്ര തുകയുണ്ടെന്നറിയാമോ?"

ആ കാറിലെ യാത്രക്കാരനായ പുരുഷൻ റൂബനോട് ചോദിച്ചു...

"ഇതിൽ കുറെ പണം ആണെന്നും ആഭരണം ഉണ്ടെന്നും ഞാൻ കണ്ടു...." റൂബൻെറ മറുപടി അയാളെ അതിശയിപ്പിച്ചു.

"വിരോധമില്ലെങ്കിൽ ഞങ്ങളുടെ ഒപ്പം വരൂ..."

ആ കാറിൽ കയറി റൂബനും അവരുടെ ഒപ്പം യാത്ര ചെയ്തു.

ആ കാറിൽ ഉണ്ടായിരുന്ന പുരുഷന്റെസഹോദരിയുടെ മകളുടെ വിവാഹ നിശ്ചയത്തിന് കൊടുക്കുവാനുള്ള പണവും ആഭരണവും ആയിരുന്നു ആ പൊതിയിലുണ്ടായി രുന്നത്.

അന്ന് അവളുടെ വിവാഹ നിശ്ചയമായിരുന്നു. കൊച്ചിയിലെ വലിയൊരു വ്യവസായ ഗ്രൂപ്പിന്റെ ഉടമയുടെ കൂടെയാണ് താൻ യാത്ര ചെയ്യുന്നതെന്ന് റൂബൻ അറിഞ്ഞതില്ല. ആ യാത്രയിൽ റൂബനെപ്പറ്റിയുള്ള എല്ലാ വിവരവും കാറിലെ യാത്രക്കാരൻ ചോദിച്ചറിഞ്ഞു....

അതായിരുന്നു ദൈവം അവനുവേണ്ടി ഒരു ക്കിയ ജീവിതത്തിൻെറ ഇൻ്ററർവ്യൂ. ജീവിത വിജയത്തിലേക്കുള്ള ഇന്റർവ്യൂ......

കൊച്ചിയിലെ ഒരു വ്യവസായ ഗ്രൂപ്പിന്റെ മാനേജരായി റൂബൻ നിയമിക്കപ്പെട്ടു.

പ്രതിസന്ധികളിൽ തളരാത്ത അവൻെറ ഉള്ളിലെ സ്നേഹത്തിനും കരുതലിനും പകരമായി അവൻ സ്വപ്നം കണ്ടതിനേക്കാൾ മികച്ച ജീവിതം ദൈവമവനു സമ്മാനിച്ചു. അവൻെറ മടിയിലെ ഫയൽക്കെട്ടിൽ ആ സർട്ടിഫിക്കറ്റുകൾ അപ്പോഴും അനക്കമില്ലാതെ കിടന്നു.

---


# ലേഖനം

പ്രകൃതിക്ക് പ്രതികൂല സാഹചര്യങ്ങളിൽ പൊരുത്തപ്പെടാനും ആഭിവൃത്തിപെടാനുമുള്ള കഴിവുണ്ട്. വെല്ലുവിളികളെ സ്വീകരിക്കാനും നമ്മെ പഠിപ്പിക്കുന്നു. പ്രകൃതിയുടെ സന്തുലിതാവസ്ഥയും പരസ്പരബന്ധവും നമ്മൊടും ലോകത്തോടും സമന്വയിപ്പിച്ച് ജീവിക്കുന്നതിന്റെ മൂല്യം കാണിക്കുന്നു. പ്രകൃതിയുടെ ഋതുക്കളും മാറ്റത്തെ ഉൾക്കൊള്ളുന്നു. ലാളിത്യത്തിലുള്ള പ്രകൃതിയുടെ സൗന്ദര്യം ദൈനംദിന നിമിഷങ്ങളിൽ സന്തോഷം കണ്ടെത്താൻ നമ്മെ പ്രചോദിപ്പിക്കുന്നു

പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നതിലൂടെ നമ്മൾക്ക് നമ്മുടെ ജീവിതശൈലിരോഗങ്ങളെ മാറ്റിനിർത്തി നല്ലയൊരു ആരോഗ്യം വീണ്ടെടുക്കാൻ സാധിക്കും. പ്രകൃതിയുമായി സമയം ചെലവഴിക്കുക, ശ്രദ്ധാകേന്ദ്രം പരിശീലിക്കുക, നിങ്ങളുടെ ചുറ്റുപ്പാടുകളിലേക്ക് ട്യൂൺ ചെയ്യുക. അത്ഭുതം, ജിജ്ഞാസ എന്നിവയുടെ ഒരു ബോധം നട്ടുവളർത്തുക. പ്രകൃതിയുടെ മനോഭാവങ്ങളെ ദൈനംദിന ജീവിത്തിലേക്ക് സമന്വയിപ്പിക്കുക, പ്രതിരോധശേഷി, ഐക്യം, ലാളിത്യം എന്നിവയിൽ ശക്തി കണ്ടെത്തുക.

പ്രകൃതിയുടെ മനോഭാവത്തിലേക്ക് ട്യൂൺ ചെയ്യുന്നതിലൂടെ നമ്മുക്ക് ആഴത്തിലുള്ള ലക്ഷ്യബോധവും, സമാധാനവും ബന്ധവും അൺലോക്ക് ചെയ്യാനാകും. നാം പ്രകൃതിയോടോ ജ്ഞാനം സ്വീകരിക്കുമ്പോൾ നമ്മുക്ക് ചുറ്റുമുള്ള ലോകവുമായി ക്രൂടുതൽ യോജിപ്പുണ്ടാകും.പുറത്തേക്ക് ചുവടുവെക്കാൻ ഒരു നിമിഷമെടുക്കുക, ശുദ്ധമായി ശ്വസിക്കുക പ്രകൃതിയുടെ മനോഭാവം നിങ്ങളെ പ്രചോദിപ്പിക്കട്ടെ. -

ആദ ആരുൺ



# ജീവിതയാത്രയിൽ കൂടെ കരുതേണ്ട പാഥേയമാണ് മൂല്യങ്ങൾ

ജീവിതം ഒരു യാത്രയാണ്. ആ യാത്രയിൽ നമ്മൾ ഒരുപാട് ആളുകളുടെ ഇടയിലൂടെ കടന്നുപോകുന്നു. ചില ആളുകൾ നമ്മുക്ക് സ്നേഹം, സന്തോഷം എന്നീ അനുഭവങ്ങൾ നൽകുന്നു. ചിലരാകട്ടെ നമ്മുക്ക് ദുഖം, സംഘർഷം എന്നീ ദുരനുഭവങ്ങളും നൽകുന്നു. ഇതെല്ലാം നമ്മുക്ക് ജീവിതത്തിൽ വിലപ്പെട്ട സമ്മാനങ്ങളാണ്.

ജീവിതമാകുന്ന യാത്രയിൽ നമ്മുടെ സഹയാത്രകരാണ് നാം കണ്ടുമുട്ടുന്ന ഒരോ വ്യക്തിയും അവരോടെല്ലാം സ്നേഹം, ആത്മാർത്ഥത, കരുണ, സത്യസന്ധത തുടങ്ങിയ മൂല്യങ്ങൾ കാത്തുസൂക്ഷിക്കാനാകണം. അപ്പോൾ മാത്രമാണ് നമ്മുടെ ജീവിതയാത്രയ്ക്ക് അർത്ഥമുണ്ടാകു. സൗഹൃദം, സ്നേഹം എന്നീ മൂല്യങ്ങൾ ശ്രീകൃഷ്ണനും കുചേലനും തമ്മിലുള്ള ബന്ധം നമ്മുക്ക് കാണിച്ചു തരുന്നത്. തികച്ചും വ്യത്യസ്ഥമായ ജീവിതസാഹചര്യങ്ങളിൽ ജീവിക്കുന്ന ദരിദ്രനായ കുചേലനും രാജാവായ കൃഷ്ണനെയും ഒന്നിപ്പിക്കുന്നത് ഈ മൂല്യങ്ങളാണ്.

പേരക്കുട്ടിക്കൾക്ക് വേണ്ടി സ്വന്തം ജീവിതം ഉഴിഞ്ഞുവച്ച കഥാപാത്രമാണ് അമ്മമ്മ. നിസ്വാർത്ഥമായ സ്നേഹം, ത്യാഗം, സമർപ്പണംഎന്നീ മൂല്യങ്ങളാണ് അമ്മമ്മയുടെ ജീവിതത്തിൽനിന്ന് നാം പഠിക്കേണ്ടത്.

ജീവിതയാത്രയിൽ ജാതി, മതം, സമ്പത്ത്, തുടങ്ങിയ വേർത്തിരിവുകളില്ലാതെ എല്ലാവരും ഒരു കുടുംബംപോലെ ജീവിക്കണം എന്ന വലിയ പാഠമാണ് വഴിയാത്ര എന്ന ലേഖനം നമ്മെപഠിപ്പിക്കുന്നത്.

സഹയാത്രികരുമായുള്ള ആത്മബന്ധവും, പങ്കുവെക്കലുകളും നമ്മുടെ ജീവിതയാത്രയെ ഒട്ടും വിരസമില്ലാതാക്കും. ദുഖങ്ങളും സന്തോഷങ്ങളുമെല്ലാം ഒത്തൊരുമിച്ച് നമ്മുക്ക് ഈ ജീവിതയാത്ര ആനന്ദകരമാക്കാം .

-ആൻ മേരി ബോബി

# ഗുരുവിൻെറ നേരെ ഉയർന്ന വാൾ

ജപ്പാനിലെ ഒരു ഗ്രാമത്തിൽ പണ്ട് ജിയോഷു എന്ന ഒരു ബുദ്ധസന്യാസിയുണ്ടായിരുന്നു. അറിവിന്റെ നിറകുടമാണ് അദ്ദേഹം. നാടിന്റെ നാനാഭാഗങ്ങളിലും നിന്ന് അദ്ദഹത്തിൻെറ ഉപദ്ദേശങ്ങൾ തേടി നിത്യവും നിരവധിപേർ ആശ്രമത്തിൽ എത്താറുണ്ട്. അവർക്ക് ഒക്കെ അദ്ദേഹത്തിൻെറ വചനങ്ങൾ ശാന്തിയും സമാധാനവും പകർന്നിരുന്നു.

ഒരു ദിവസം അതിമനോഹരമായി അലങ്കരിച്ച ഒരു കുതിരവണ്ടി ജിയോഷുവിൻെറ ആശ്രമകവാടത്തിൽ വന്നുനിന്നു. വണ്ടിയിൽനിന്ന് കൊഴുത്തുതടിച്ച ആജാനുബാഹുവായ ഒരു മനുഷ്യൻ പുറത്തേക്കിറങ്ങി. അയാളുടെ നീളൻ പട്ടുകുപ്പായം ഇളവെയിലിൽ വെട്ടിതിളങ്ങി. ആ നാട്ടിലെ ഏറ്റവും വലിയ സമ്പന്നനായിരുന്ന ലിമോൻ ആയിരുന്നു അത്.

സ്വീകരണമുറിയുടെ നടുവിൽതന്നെ ജിയോഷു ഇരിക്കുന്നുണ്ടായിരുന്നു. കയറിചെന്നപാടെ ലിമോൻ പറഞ്ഞു: ഗുരോ ഞാൻ ലിമോൻ. ഈ നാട്ടിലെ കിരീടംവയ്ക്കാത്ത ചക്രവർത്തി അങ്ങയോട് പൊന്നും പണവും ഒന്നും ചോദിക്കാനല്ല ഞാൻ വന്നത്. എൻെറ വീട്ടിൽ എന്നും  സമാധാനവും ഐശ്വര്യവും മാത്രം ഉണ്ടാകണം.അതിനായി എന്തു ചെയണമെന്ന് പറഞ്ഞു തരാമോ? പക്ഷേ ജിയോഷുവിന് ഒരു ഭാവഭേദവുമുണ്ടായില്ല. അനങ്ങാതെ അവിടെതന്നെ കുത്തിയിരുന്നു. അതുകൊണ്ട്  ലിമോന് വല്ലാത്ത ദേഷ്യവും സങ്കടവുംതോന്നി. ഇത്രവലിയ സമ്പന്നനായിട്ടും ഇയാൾ തന്നോട് അവജ്ഞകാണിക്കുന്നോ?  എന്ന തോന്നലാണ് ലിമോന് ഉണ്ടായത്.

ഇതിനിടയിൽ ജിയോഷു ഒരു വെളുത്ത തുണിക്കഷണമെടുത്ത് മൂന്ന് വാചകങ്ങൾ എഴുതി ലിമോനെ ഉഴർത്തി കാണിച്ചു.

'പിതാവ് ആദ്യം മരിക്കട്ടെ'
'പിന്നെ മകൻ മരിക്കട്ടെ'
'ഒടുവിൽ ചെറുമകൻ മരിക്കട്ടെ'

എന്നിങ്ങനെയാണ് അതിൽ എഴുതിയിരുന്നത്. ഈ മൂന്ന് വാചകങ്ങൾ വായിച്ചതോടെ ലിമോൺെറ കോപം പതിന്മടങ്ങ് തിളച്ചുമറിഞ്ഞു. അയാൾ പറഞ്ഞു എന്ത്,വലിയ ഗുരുവാണെന്ന് നടിച്ച് എന്നെപ്പോലുള്ള മഹാസമ്പന്നന്മാരെ അവഹേളിക്കുകയോ? ഇയാളൊരു ഗുരുവുമല്ല, കുരുവുമല്ല ഇയാളെ ഞാൻ ഇപ്പോൾ തന്നെ വെട്ടികൊല്ലും

ലിമോൺ തൻെറ അരകെട്ടിൽ നിന്ന് വാൾ ഊരിയെടുത്ത് ഗുരുദേവനെ വെട്ടാനൊരുങ്ങി. ഈരംഗം കണ്ട് ശിഷ്യൻ അവിടേക്ക് പാഞ്ഞെത്തി.

അരുത്, ഗുരുവിനെ വെട്ടരുത്. അദ്ദേഹം ഇപ്പോൾ മൗനവ്രതത്തിലാണ് കുറച്ചുകഴിഞ്ഞേ ഉണരൂ. അദ്ദേഹം എഴുതുന്നതൊക്കെ വളരെ അർത്ഥവത്തായ വാക്കുകളാണ്.അതിൻെറ പൊരുൾ അറിയണമെങ്കിൽ അല്പനേരം ക്ഷമയോടെ കാത്തുനിൽക്കുക പറയുന്നത് ഇഷ്ടമാകുന്നില്ലെങ്കിൽ അദ്ദേഹത്തേ വെട്ടി കൊന്നുകൊള്ളൂ - ശിഷ്യൻ. ലിമോൺ മന സില്ലാമനസോടെയാണ് ലിമോൺ കുറെ സമയം അവിടെ കഴിച്ചുകൂടിയത്.സൂര്യൻ അസ്തമിച്ചതോടെ ജിയോഷുവിൻെറ മൗനവ്രതം അവസാനിച്ചു കഴിഞ്ഞിരുന്നു. ഗുരോ, ഞാൻ വലിയൊരു സംശയം ചോദിച്ചതിന് അങ്ങെന്താണ് കീറതുണിയിൽ ഉത്തരം എഴുതിക്കാണിച്ചത്? എന്നെ ആക്ഷേപിക്കുകയായിരുന്നുവല്ലേ?- ലിമോൺ ദേഷ്യം കൈവിടാതെ ചോദിച്ചു. അതുകേട്ട് ജിയോഷു ഒന്നു പുഞ്ചരിച്ചുഎന്നിട്ടുപറഞ്ഞു.

കുഞ്ഞേ ഞാൻ വലിയൊരു മൗനവ്രതത്തിലായിരുന്നു. അതുക്കൊണ്ടാണ് നേരിട്ടുത്തരം പറയാതെ എഴുതികാണിച്ചത് ക്ഷമിക്കണം.

എൻെറ കുടുംബം മരിക്കുന്നതിനെപ്പറ്റി മാത്രമാണല്ലോ അങ്ങ് അതിൽ എഴുതിയിരിക്കുന്നത്. അതെന്താ? ലിമോൺ ചോദിച്ചു. പിതാവ് മരിക്കുന്നതിനുമുമ്പേ താങ്കൾ മരിച്ചാൽ അദ്ദഹത്തിന് എന്തൊരു മനോവേദനയായിരിക്കും, അല്ലേ? അതിനുമുമ്പ് താങ്കളുടെ ചെറുമകനാണ് മരിക്കുന്നതെങ്കില്ലോ? ആ ദുഖം നിങ്ങൾ രണ്ടുപേർക്കും താങ്ങാനാവില്ല- ജിയോഷു വിശദമാക്കി.

ഓഹോ അതായിരുന്നോ അങ്ങെഴുതിയതിൻെറ പൊരുൾ? ലിമോൺ അത്ഭുതപ്പെട്ടു.

ആദ്യം മരിക്കേണ്ടത് താങ്കളുടെ പിതാവായിരിക്കണം.പിന്നെ താങ്കളുടെ ഊഴമാണ്. ഏറ്റവും ഒടുവിലാണ് ചെറുമകൻ യാത്രപറയേണ്ടത്. ഈ ക്രമത്തിലായാൽ താങ്കളുടെ കുടുംബത്തിൻെറ ഐശ്വര്യവും സന്തോഷവും എന്നെന്നും നിലനിൽക്കും. അകാലമരണം നമ്മെ നിത്യദുഖത്തിലാഴ്ത്തും

ഗുരുദേവൻ ലളിതമായ ഭാഷയിൽ പറഞ്ഞു മനസ്സിലാക്കി.അതുകേട്ടതോടെ ലിമോൻെറ കണ്ണുകൾ നിറഞ്ഞു. ഗുരോ അങ്ങയുടെ വാക്കുകൾ വളരെ വിലപ്പെട്ടതാണ്. അറിവില്ലായ്മകൊണ്ട് ഞാൻ അങ്ങെ തെറ്റിദ്ധരിച്ചതിന് എന്നോട് പൊറുക്കണം.ലിമോൻ ജിയോഷുവിൻെറ പാദങ്ങളിൽ വീണ് മാപ്പുചോദിച്ചു. അതുമാത്രമല്ല പിന്നീടയാൾ ജിയോഷുവിൻെറ കാൽപ്പാടുകൾ പിന്തുടരുകയും ശിഷ്യനായിതീരുകയും ചെയ്തു.

ചൈനീസ് കഥ

# അമ്മ

ഇരുളിലെന്നെ തന്നിച്ചാക്കാതെ
ഇരുകൈകളാലും ചേർത്തണച്ച്
ഇരവിലും പകലിലും ക്രൂടെയുണ്ടെൻ്റമ്മ

ഈ കണ്ണുകൾ കൊണ്ടാദ്യം കണ്ടത് എൻ്റമ്മയെ
ഈ കൺമുനയിൽ എന്നും കാണണം എൻ്റമ്മയെ

ഈ ലോകത്തേ നന്മയും തിന്മയും
ഈ ഭൂമിയിലുള്ള സർവതും
ഈണത്തിൽ ചൊല്ലിപ്പഠിപ്പിച്ചതമ്മ
ഈ അമ്മതന്നെ എൻ്റ ലോകം
ഈയമ്മയാക്കയെൻ്റെ ജീവിതം.

അമേയ സാറാ ജെയിംസ്

# എൻെറ മുല്ലപ്പൂന്തോട്ടം

LEENA MOL

മുറ്റത്തുഞ്ഞാനൊരു പന്തലിട്ടു
അതു മുല്ലപ്പൂചെടികളായിരുന്നു
മുല്ലപ്പൂന്തോട്ടത്തിൽ വളങ്ങൾ വച്ചു
നന്നായി ചെടികൾക്ക് വെള്ളം ഒഴിച്ചു

മുല്ലകൾ വളർന്ന് പന്തലിൽ കയറി
മുല്ലചെടികൾ കാറ്റിലാടി
അന്തികരിമുല്ല പൂവണിഞ്ഞു
സുന്ദരിയായി പൂക്കൾ വിരിഞ്ഞു

രാവിൻെറ നിശബ്ദ ഭംഗിയിൽ
നാണിച്ചു മെല്ലെ വിടരുന്നു
വിടരുന്ന പൂക്കൾക്ക് ഒരുപ്പാട് സ്വപ്നങ്ങൾ
നെയ്തെടുക്കുന്ന ഈ നിമിഷങ്ങളിൽ

വെള്ളനിറത്തിൽ സുന്ദരിയായി
വള്ളിയിലാടി പൂമൊട്ട്
നല്ല സുഗന്ധം പരത്തീടും
തലയിൽ ചൂടാനായ് ഈ പൂവും

എങ്ങനെ കിട്ടി ഈ നിറവും
എങ്ങനെ കിട്ടി ഈ മണവും
എങ്ങനെ കിട്ടി ഈ സൗന്ദര്യവും
മുല്ലപ്പൂവെ ഒന്നു ചൊല്ലൂ

# മഴ

ഇരുട്ടാൻ തുടങ്ങിയല്ലോ, ഈ പെണ്ണിതെവിടെ എവിടെ പോയിരിക്കുകയാണോ എന്തോ? നേരം ഇരുട്ടുന്തോറും അമ്മയുടെ ഭയം കൂടികൂടി വന്നു. അമ്മേ, അമ്മേ ആ വിളി കേട്ടപ്പോഴാണ്അമ്മയ്ക്ക് പകുതി ജീവൻ വച്ചത്. നീ ഇത് എവിടെ പോയിരിക്കുവായിരുന്നു, എൻെറ കുട്ടിയെ നേരം എന്തായെന്ന് നിനക്കറിയാമോ. അമ്മയുടെ ശകാരം കേട്ട് അവൾക്ക് സങ്കടം തോന്നിയെങ്കിലും അവൾ മടിച്ച്മടിച്ച് കാര്യം പറഞ്ഞു. അമ്മേ അത് പിന്നെ. എന്തോ കാര്യമുണ്ടെന്ന് അമ്മയ്ക്ക് മനസ്സിലായി.എൻെറ സ്ക്രൂളിൽ കലോത്സവത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി, ടീച്ചർഎന്നൊടു പറഞ്ഞു എനിക്ക് പാടാൻ കഴിവുണ്ട് അതുക്കൊണ്ട് സംഘഗാനത്തിന് ചേരണമെന്ന് എന്നിട്ട് ഇന്നുതന്നെ എല്ലാവരെയും കൊണ്ട് പാടിപ്പിച്ചു നോക്കി. എൻെറ മോളെ അതിനൊക്കെ ഒരുക്കാൻ പൈസവേണം. നിനക്കറിയാമല്ലോ നമ്മുടെ സാഹചര്യം, നിന്നെ സ്ക്രൂളിൽ വിടുന്നത് തന്നെ കഷ്ടപ്പെട്ടാണ്, അതിൻെറ ക്രൂടെ ഇതും വേണ്ട, മോള് ചെന്ന് പറഞ്ഞേക്ക് നാളെ നീ പാടുന്നില്ലായെന്ന്. പിന്നെ നിൻെറ അച്ഛൻ ബാക്കി പറയാൻ അവളനുവദിച്ചില്ല. അമ്മയുടെ ഒരോ വാക്കും അവളുടെ കണ്ണുകളെ ഈറനണിയിച്ചു. ആ കോരിചൊരിയുന്ന മഴയുള്ള രാത്രിയിൽ അവൾ മാടിപറ്റി പായയിലേക്ക് കിടന്നു. ചിന്തകൾ അവളെ ഉറക്കില്ലെന്ന് അവൾക്ക് തോന്നി. ഒരോന്നായി അവൾ ഓർക്കാൻ തുടങ്ങി. ഒരു രാത്രി, നല്ല മഴയും ഇടിയും കാറ്റുമുണ്ടായിരുന്നു. അവളുടെ അമ്മയും അച്ഛനും സന്തോഷത്തോടെ കിടന്നു. ഇടയക്ക് നാട്ടുക്കാരുടെ ബഹളമെല്ലാം കേട്ടവർ ഉണർന്നു. വെള്ളം പൊങ്ങുന്ന കാര്യമങ്ങനെ അവരുമറിഞ്ഞു. അവരുമോടി. രണ്ടു ദിവസം വേണ്ടിവന്നു അതൊന്നു ആ മഴയൊന്നു ശമിക്കാൻ. അവരുടെ വാർപ്പുകെട്ടിടത്തിൻെറ അവസ്ഥ കാണാൻ വന്ന അവർക്ക് ആ കാഴ്ച്ച കണ്ടുനിൽക്കാനായില്ല. മഴയുടെ ക്രൂടെ അവരുടെ വീടും സ്വത്തും സമ്പാദ്യവുമെല്ലാം പോയിരുന്നു. അച്ഛൻെറ ജോലിയും പോയി. അതുകാരണം അദ്ദേഹം അന്യസംസ്ഥാനത്തേക്ക്  പോകാൻ തീരുമാനിച്ചു. പോകുമ്പോൾ അദ്ദേഹം ഒരു കാര്യം മാത്രമേ പറഞ്ഞുള്ളു. ജോലികിട്ടി കഴിയുമ്പോൾ കത്തെഴുതിയറിയിക്കാമെന്ന്. പിന്നീട് കത്തൊന്നും വന്നില്ല. അവരുടെ കാത്തിരിപ്പിനൊടുവിൽ അവളുടെ അമ്മ കഷ്ടപ്പെട്ട് പണിചെയ്ത് അവളെ വളർത്തി.എല്ലാം ഓർത്തു കഴിഞ്ഞപ്പോഴേക്കും അവൾ ഉറക്കത്തിലേക്ക് വീണു.അങ്ങനെ

വർഷങ്ങൾ കഴിഞ്ഞു, വറുതിയുടെ നാളുകൾ കടന്നു പോയിക്കൊണ്ടേയിരുന്നു. അവളും വളർന്നു. ഇപ്പോൾ അവളുടെ അമ്മ ജോലി ചെയ്യുന്ന ആന്റി വഴി അവൾക്ക് ഒരു ജോലി ശരിയായി. രണ്ടാഴ്ചപ്പോലും തികയുന്നതിന് മുമ്പ് മീനു എന്ന ആ ഇരുപതു വയസുക്കാരിയുടെ ജോലിയോടുള്ള ആത്മാർത്ഥത് കണ്ടമാനേജർ ആ കമ്പനിയിൽ ഏറ്റവും കൂടുതൽ ശമ്പളംലഭിക്കുന്നഒരുസ്റ്റാഫാക്കി. അതവരുടെ ജീവിതം തന്നെ മാറ്റിമറിച്ചു. സന്തോഷത്തിന്റെ നാളുകൾ കടന്നുവന്നു. കൂട്ടത്തിൽ ഒരു സന്തോഷംകൂടെ അവരെത്തേടിയെത്തി. ഒരു രാത്രി കോളിംഗ്ബെൽ കേട്ട് വാതിൽ തുറന്നു. പോസ്റ്റ്മാൻ ഒരു കത്തുമായി നിൽക്കുന്നു. അവൾ ആ കത്ത് വാങ്ങി കവർ പൊട്ടിച്ചു. തന്റെ അച്ഛന്റെ പേരിൽനിന്നാണ് കത്ത്. ആ കത്ത് വായിക്കുന്നതിന് മുമ്പ് സെക്യൂരിറ്റി എന്തോ കാര്യം പറയാൻ വന്നു. പക്ഷേ ആ കത്ത് ശൂന്യമായിരുന്നു, അച്ഛന്റെ പേര് ഒഴികെ, അവർക്ക് കാര്യം പിന്നീട് സെക്യൂരിറ്റി വന്നു പറഞ്ഞു. അടുത്തുള്ള സംസ്ഥാനത്തെ ഒരു വലിയ കമ്പനിയിലെ എം.ഡി വന്നിരിക്കുന്നുയെന്ന്, അവർ ആകാംക്ഷയോടെ വാതിൽ തുറന്നു. അവരറിഞ്ഞിരുന്നില്ല അവർക്ക് ഏറ്റവും പ്രിയപ്പെട്ട ഒരാളായിരുന്നുവെന്ന്. അദ്ദേഹത്തെ കണ്ടതും അവളും അവളുടെ അമ്മയും അമ്പരന്നു പോയി. അദ്ദേഹമായിരുന്നു അവളുടെ അച്ഛൻ. അദ്ദേഹത്തിന്റെ വരവിന്റെ സൂചനയായിരുന്നു ആ കത്ത്.

\- റാബിയാ ഹനീഫാ

# ഒറ്റപ്പെട്ട രണ്ടു നക്ഷത്രങ്ങൾ

രാത്രിയിൽ നിലാവിന്റെ വെളിച്ചത്തിൽ മിന്നി നിന്നിരുന്ന രണ്ടു നക്ഷത്രങ്ങൾ ഉണ്ടായിരുന്നു. എന്നാൽ അവർ ദുഖിതയായിരുന്നു. കാരണം അവർക്ക് അച്ഛനമ്മമാർ ഉണ്ടായിട്ടും അവർ ഇരുവരും ആകാശത്ത് ഒറ്റയ്ക്കായിരുന്നു. ഒരു ദിവസം രാത്രി, ചന്ദ്രന്റെ നിലാവ് ഭൂമിയിൽ തെളിഞ്ഞുനിന്നു. അന്നായിരുന്നു ആ രണ്ടു നക്ഷത്രത്തിന്റെയും ജന്മദിനം.അന്ന് രാത്രി ഭൂമിയിലെ രണ്ടു കുട്ടികളും ആകാശത്തേയ്ക്ക് പുഞ്ചിരിയോടെ ഒന്നു നോക്കി. അന്ന് തന്നെയായിരുന്നു അവരുടെ ജന്മദിനം. ആ രണ്ടു കുട്ടികൾ ആകാശത്ത് നോക്കിയതും ദുഖിതരും, ഒറ്റപ്പെട്ടും നിൽക്കുന്ന രണ്ടു നക്ഷത്രങ്ങൾ കണ്ടു അവർ ഇരുവരും ചിന്തിച്ചു, ആ രണ്ടുനക്ഷത്രങ്ങൾ എന്തിനാണ് വിഷമിച്ചിരിക്കുന്നത് ? അപ്പോൾ അവരുടെ സഹോദരി ലീല വന്നു പറഞ്ഞു നിങ്ങൾ ആ രണ്ടു മനോഹരമായ നക്ഷത്രങ്ങളെ ശ്രദ്ധിച്ചില്ലേ. അതു ദുഖിതരാണ്. അതു കേട്ടപ്പോൾ കുട്ടികൾക്ക് സങ്കടമായി. അപ്പോൾ അവർ അങ്ങനെതന്നെ ആകാശത്ത് നോക്കിനിൽക്കുമ്പോൾ ആ രണ്ടു നക്ഷത്രങ്ങളൾക്കിടയിലൂടെ ഒരു വാൽനക്ഷത്രം ചിറിപാഞ്ഞു പോയി. ആ നേരം തന്നെ സഹോദരി അവരോട് പറഞ്ഞു നിങ്ങൾ എന്തു പറഞ്ഞാലും അതുസാധിക്കുമെന്ന്, അപ്പോൾ തന്നെ ആ രണ്ടു കുട്ടികളും അവരവരുടെ ആഗ്രഹം പറഞ്ഞു. അത് ഇതായിരുന്നു. ആ നക്ഷത്രങ്ങളുടെ ദുഖങ്ങൾ മാറ്റിക്കൊടുക്കണം. രണ്ടുദിവസങ്ങൾ പിന്നിട്ടു. ഒരു ദിവസം അവർ പുറത്തിരിക്കുകയായിരുന്നു ,അപ്പോൾ അവരിൽ ഒരാൾ ആകാശത്ത് നോക്കി. അവർ അതിശയിച്ചു പോയി. രണ്ടു നക്ഷത്രങ്ങൾക്ക് അവരുടെ മാതാപിതാക്കളെ തിരിച്ചുകിട്ടിയിരിക്കുന്നു. അതിന് പ്രത്യുപകാരമായി ആ രണ്ടു നക്ഷത്രങ്ങളും തിളങ്ങി ഭൂമി മുഴുവൻ പ്രകാശിപ്പിച്ചു. - റോസ് സാജോ

# കാടിൻെറ കഥ

നിഴലുകൾ കളിക്കുന്ന
സന്ധ്യയുടെ നിശ്ശബ്ദതയിൽ
ഒരു രഹസ്യ ലോകം ഉണർന്നു,
അകലെ കാട് ഇളകുന്നു,
അതിൻെറ പുരാതന ഹൃദയം
ഒരു ആദിമകലയുടെ
താളത്തിനൊത്ത് അടിക്കുന്നു

പഴയകാല കാവലക്കാരനെപോലെ മരങ്ങൾ
നിഗൂഢതകൾ കാത്തുസൂക്ഷിക്കുന്നു
ഇതുവരെ പറഞ്ഞിട്ടില്ല അവരുടെ ഇലകൾ,
പുരാതന മന്ത്രങ്ങൾ
പങ്കിടുന്നു കഴിഞ്ഞ യുഗങ്ങളുടെ കഥകൾ

അലഞ്ഞുതിരിയുന്ന കാറ്റ്
വള്ളിച്ചെടികളിലൂടെയും വളഞ്ഞുപുളഞ്ഞ
വഴികളിലൂടെ കാണാത്ത
ഒരു ലോകത്തിൻെറ കഥകൾ
ശേഖരിക്കുന്നു ഒരു സ്വപനംപ്പോലെ
അവർ മരങ്ങളോട് മന്ത്രിക്കുന്നു

ജീവിതം നിറഞ്ഞുനിൽക്കുന്ന
ഈ ഹരിതമണ്ഡലത്തിൽ
സമ്പന്നമായ ശബ്ദങ്ങളും ഗന്ധങ്ങളുമുള്ള
ഒരു കാടിൻെറ കഥ
അത്ഭുതങ്ങളുടെ ലോകം കഥ പറയുന്നു


- എയ്ഞ്ചൽ ആൻ ജോർജ്ജ്


# കാണാതെ പോയ ക്യൂട്ട്

ഒരു ദിവസം മിക്കി എന്ന പൂച്ചക്കുട്ടി തൻെറ യജമാനത്തിയുടെ അരികിൽ ഇരുന്ന് എന്നത്തെയുംപ്പോലെ സന്തോഷത്തോടെ ഇരുന്ന് കളിക്കുകയായിരുന്നു. അങ്ങനെയിരിക്കെ ആ യജമാനത്തി തൻെറ ഫോൺ കാണുന്നതിനിടയിൽ ഫോണിൽ ഒരു നല്ല മനോഹരമായ പൂച്ചക്കുട്ടിയെ കണ്ടു. അപ്പോൾ അവൾ വിചാരിച്ചു എന്തുമനോഹരമായ പൂച്ചയാണിത് എൻെറ മിക്കിയെക്കാളും സൗന്ദര്യമല്ലോ.എന്ത് ക്യൂട്ടാണിത് കാണാൻ, ഞാൻ ഇതിനെ മേടിക്കും .അപ്പോൾ യജമാനത്തിയുടെ മനസ്സിൽ ഒരു ചിന്ത ,മിക്കിയെ എന്തു ചെയ്യും, കുറച്ചുനാൾ കഴിഞ്ഞ് മിക്കിയെ എവിടെയെങ്കിലും വിടാം. അങ്ങനെ കുറച്ചുനാൾ കഴിഞ്ഞ് യജമാനത്തി ഫോണിൽ കണ്ടപൂച്ചയെ മേടിച്ചു. കുറച്ചുനാൾകഴിഞ്ഞ് മിക്കിയോട് യജമാനത്തിക്ക് വെറുപ്പായി. ആയതിനാൽ മിക്കി കൊണ്ട് ആർക്കെങ്കിലും കൊടുക്കാം, അല്ലെങ്കിൽ എവിടെയെങ്കിലും കളയാം എന്ന് യജമാനത്തിൽ തീരുമാനിച്ചു. പോകുന്ന വഴിക്ക് യജമാനത്തിക്ക് ശ്വാസം കിട്ടാത്ത അസുഖം യജമാനത്തിക്ക് ഉണ്ടായിരുന്നു. പുതിയ പൂച്ച യജമാനത്തി തറയിൽ വീണപ്പോൾ തന്നെ എങ്ങനെയെങ്കിലും രക്ഷപ്പെട്ടാൽ മതി എന്ന ചിന്തയിൽ പെട്ടെന്ന് ദൂരെയ്ക്ക് ഓടി രക്ഷപ്പെട്ടു. എന്നാൽ മിക്കി വേഗം അടുത്തുള്ള ഒരു സ്ഥലത്ത് കണ്ട ഒരു മനുഷ്യൻെറ പാൻ്റിൽ കടിച്ചു കൊണ്ട് യജമാനത്തി വീണുകിടന്ന സ്ഥലത്ത് കൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷേ ആ മനുഷ്യൻ മിക്കിയെ ഓടിച്ചു വിട്ടു എന്നിട്ട് മിക്കി വിഷമത്തോടെ മടങ്ങി പോകുന്നതിനിടയിൽ വേറെ ഒരു കൊച്ചു കുട്ടിയുടെ കാലിൽ പിടിച്ച് വലിച്ചുകൊണ്ടിരുന്നു. ആ കുട്ടിക്ക് എന്തോ കുഴപ്പം ഉണ്ടെന്നുതോന്നി ആ പൂച്ച വിളിച്ച സ്ഥലത്തേക്ക് പോയി. അപ്പോൾ യജമാനത്തി ശ്വാസം കിട്ടാതെ പിടയുന്നത് കണ്ടു. അപ്പോൾ ആ കുട്ടി അടുത്തുള്ള ആളോട് കാര്യം പറഞ്ഞു. ആ മനുഷ്യൻ അവരെ ആശുപത്രിയിൽ എത്തിച്ചു. കൃത്യസമയത്ത് ആശുപത്രിയിൽ എത്തിച്ചതു കൊണ്ട് യജമാനത്തി രക്ഷപ്പെട്ടു. യജ്മാനത്തി ചോദിച്ചു എന്നെ ആരാണ് ഇവിടെ എത്തിച്ചത്, എൻ്റെ പൂച്ചകൾ എവിടെ? അപ്പോൾ ആ കുട്ടി പറഞ്ഞു നിങ്ങളുടെ ക്യൂട്ട് പൂച്ച നിങ്ങളുടെ അടുത്തുനിന്ന് രക്ഷപ്പെട്ടു, മിക്കി എന്ന പൂച്ചയാണ് എൻ്റെ കാല് പിടിച്ചു വലിച്ച് നിങ്ങളുടെ അടുത്ത് കൊണ്ടുവന്നത് അതുകൊണ്ടാണ് ഞാൻ നിങ്ങൾ അവിടെ കിടക്കുന്നത് കണ്ടത് ഞാൻ കണ്ടില്ലെങ്കിൽ നിങ്ങളുടെ മരണത്തിന്

തന്നെ അത് കാരണമായേനെ. അപ്പോഴാണ് യജമാനത്തിക്ക് മനസ്സിലായത് സൗന്ദര്യത്തിൽ അല്ല കാര്യം എന്ന് .നല്ലൊരു പൂച്ചയാണ് മിക്കി സ്നേഹം മാത്രമുള്ള പൂച്ച. ഞാൻ മിക്കിയെ ഒരിക്കലും വിഷമിക്കുകയില്ല. എൻ്റെ ജീവൻ നിലനിർത്തിയത് തന്നെ മിക്കിയാണ്.

- ശ്രീനന്ദ ബിജു 7 b
ചെറുകഥ





# അഹങ്കാരിയായ ചങ്ങാതി

ഒരു രണ്ട് കുട്ടികൾ ഒരു ഗ്രാമത്തിൽ ഉണ്ടായിരുന്നു. രാമുവും രാജുവും. രാജു വളരെ സ്നേഹമുള്ളവനും ദയാലുവും ആയിരുന്നു. മറ്റുള്ളവർക്ക് സഹായം ചെയ്യാൻ രാജു മുമ്പിൽ ഉണ്ടായിരുന്നു. അവൻ അവൻ്റെ വസ്തുക്കൾ മറ്റുള്ളവരുമായി പങ്കുവെയ്ക്കും. എന്നാൽ രാമുവിനെ തന്നെ കുറിച്ച് മാത്രമാണ് ചിന്ത. അത്ര നല്ല മനസ്സ് അല്ല. രാജുവിനെക്കാൾ താൻ സുന്ദരനാണെന്ന് ചിന്ത. അവന് സഹായം ചോദിക്കുന്നവരോട് വെറുപ്പായിരുന്നു.രാമു ആരോടും മിണ്ടത്തില്ല. അങ്ങനെ ഇരിക്കേ ആ ഗ്രാമത്തിൽ കുറെയധികം പാവപ്പെട്ട കുട്ടികൾ വന്നു. അവർ ആദ്യം രാമുവിനോട് സഹായം ചോദിച്ചു, എന്നാൽ അവൻ അവരെ പരിഹസിച്ചു. അവർ രാജുവിൻ്റെ അടുത്ത് പോയി. അവൻ അവരെ സഹായിച്ചു അങ്ങനെ അവർ കൂട്ടുകാരായി. ഒടിക്കൽ രണ്ട് നായർ രാജുവിനെ ഓടിച്ചു. അപ്പോൾ അവൻ സഹായിച്ചവരെല്ലാം അവനെ ആ നായകളിൽ നിന്ന് രക്ഷിച്ചു. രാജു അവർക്കായി ഒരു സൽക്കാരം നൽകി. എൻ്റെ ജീവിതം രക്ഷിക്കുന്നതിന് അവരോട് നന്ദി പറഞ്ഞു. അവർ പറഞ്ഞു ഞങ്ങളാണ് നിന്നോട് നന്ദി പറയേണ്ടത് നീയാണ് ഞങ്ങളെ ആദ്യം സഹായിച്ചത്. അപ്പോഴാണ് രാജു ആ കാഴ്ച കണ്ടത്. രാമുവിനെയും ആ നായകൾ ഓടിക്കുകയായിരുന്നു. അവൻ തൻ്റെ കൂട്ടുകാരോട് രാമുവിനെ സഹായിക്കാൻ വരാൻ പറഞ്ഞു. അവർ ആദ്യം മടിച്ചു. വേണ്ട അവൻ നമ്മളെ സഹായിച്ചില്ലല്ലോ. രാജു പറഞ്ഞു നമ്മൾ അങ്ങനെ ചെയ്യരുത്. രാജു പറഞ്ഞത് കൊണ്ട് അവർ അവനെയും സഹായിച്ചു. അങ്ങനെ രാമുവും നല്ലവനായി. മറ്റുള്ളവരെ സഹായിച്ചു. രാമുവും രാജുവും നല്ല കൂട്ടുകാരായി. തന്നോട് സഹായം ചോദിക്കുന്നവരെ രാമു സഹായിച്ചു

ഗുണപാഠം - ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

- ദിയ ജിസ്

# ജനനി


ഹൃദയമന്ത്രണത്തിലെ നാദമായ്
ധരണിയുടെ കുളിർമയായ്
എന്നിലെ ഞാനായ്
നിന്നിലെ നീയായ്

കുരുന്നു ഹൃദയമേ പൊന്നിളംവെയ്‌ലായ്
നാദത്തിൽ ബ്രഹ്മമായി
ഉഷസിൽ പുതുമയായി
തളിരിലകൾക്ക്  തലോടലായ്
തളർച്ചയിൽ നവോന്മേഷമായ്

ഉണ്മയിലെ നെണ്മയായി
ഹൃത്തിലെ നറുമാരിയായി
ഓർമകളുടെ സുഗന്ധമായി
നീ...... നീമാത്രമെന്നിൽ നിറയുന്നു

തൂമഞ്ഞു കണമായി
പ്രഭാതക്കിരണങ്ങൾക്ക് സ്വർണ നൂപുരമായ്
ആശകൾക്ക് തൂമഞ്ഞച്ചരടായ്....

- ത്രേസ്യാമ്മ എം. എ



# കിനാവ്

ഹൃദയ കനിവ് നിനവായി മാറി
നിനച്ചതെല്ലാം മുറിവായി......
മുറുവിതല നിണമായി....
ഹൃദയ ശോണിതമായി..

ഓർമ്മകളെല്ലാം പാവക്കൂത്തായി
പറക്കമുറ്റാത്ത പറവയായി
പാരിൽ പരിണയമായി
ധരിത്രിതൻ പാതിവ്രത്യമായി

നീ......നീയാണ് സംഹാരകൻ
നീ വെറും നിഴൽച്ചിത്രമായ്
വിണ്ണിൻ വിതാനത്തിലെ
മഴവിൽക്കൊടി വർണമായ്

വാരിതൻ മടിത്തട്ടിലെ
ശുദ്ധ സാളിഗ്രാമായി,
പുണ്യാഹമായി
നീ......നീയാണ് സൃഷ്ടി സ്ഥിതി ലയം

– ത്രേസ്യാമ്മ എം. എ

# മാതൃഭാഷയുടെ വികാസം സ്വന്തം കാഴ്ചപ്പാടിൽ

മലയാളഭാഷതൻ മാതൃത്വമോതുന്ന നാടാണ് നമ്മുടെ കേരളം. നിരവധി എഴുതുകാർക്ക് ജന്മം കൊടുത്ത മണ്ണ്.മലയാളതനിമ വിളിച്ചോതുകയാണ് നമ്മുടെ നാട്. എൻെറ മാതൃഭാഷ മലയാളമാണെന്ന് അഭിമാനപൂർവം ഞാൻ ഈ അവസരത്തിൽ പറയുകയാണ്. കാരണം പെറ്റമ്മ്യ്ക്ക് തുല്യമാണ് പിറന്ന മണ്ണും മാതൃഭാഷയും. മലയാളതനിമ വിളിച്ചോതുന്ന കവിവചനങ്ങളും, വർണനകളും, സതുതികളും ഇന്നും നമ്മെ കുളിരണിയിക്കുന്നു. മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ നാട് വേറിട്ട് നിൽക്കുന്നത് ഭാഷക്കൊണ്ടും സംസ്കാരം കൊണ്ടുമാണ്. ആ ഭാഷാ വൈവിധ്യം ഇന്നും നാം പവിത്രമായി കാത്തുസൂക്ഷിക്കുന്നു. എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, വള്ളത്തോൾ തുടങ്ങിയ നിരവധി മഹത് വ്യക്തികൾ മലയാള ഭാഷയെ പാടിപുകഴതുമ്പോൾ നമ്മുടെ മാതൃഭാഷയെ ചെറുതായെങ്കിലും കോട്ടം വരുത്താൻ നാം ശ്രമിക്കുന്നുണ്ടോ എന്ന് ചിന്തിക്കണം.കാരണം മാതൃഭാഷയുടെ വികസനമാണ് നാം ഇന്ന ഇവിടെ ലക്ഷ്യം വെയ്ക്കുന്നത്. എന്നാൽ ആധുനിക സമൂഹത്തിൻെറ സംസ്കാരമാറ്റത്തിൻെറ ഭാഗമായി മാതൃഭാഷയെയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഒരു പുതുയോഗത്തിലേക്കാണ് നാം കടന്നുചെല്ലുന്നത്. അതിനാൽ ഇനിയുള്ള കാലത്ത് മാതൃഭാഷയുടെ വികസനം എന്നത് ഏറെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്.

മലയാള മാണ് നമ്മുടെ മാതൃഭാഷ. അമ്മിഞ്ഞപാൽതൻ മധുരം നുകരുന്ന നമ്മുടെ മാതൃഭാഷ എന്നും നമ്മുക്കൊരു പ്രചോദനമാണ്. അധുനിക മലയാളഭാഷയുടെ പിതാവും പ്രാചീന കവിത്രയവുമായ എഴുത്തച്ഛൻെറ മാതൃഭാഷയെക്കുറുച്ചുള്ള കവിതകൾ ഹൃദയാനുഭ്രുതികൾ സൃഷ്ടിക്കുന്ന ഒന്നാണ്. മലയാളഭാഷയുടെ ത്രുപികരണവും അതിൻെറ ചരിത്രവും ഇന്നും സാഹിത്യത്തിൻെറ ലോകത്ത് അടിത്തറ പാകിവരുന്നു. മലയാളമെന്ന ഭാഷ കേരളത്തിലാണ് പ്രധാനമായും ഉപയോഗിച്ചുവരുന്നത്. ഭാഷ വൈനിധ്യത്തിൽ ഇന്നും മലയാളഭാഷയ്ക്ക് ആ തനതായ സ്ഥാനം നിലനിർത്താൻ സാധിക്കുന്നത് മലയാളത്തിൻെറ മഹത്വം കൊണ്ടുതന്നെയാണ്. എന്നാൽ അധുനിക തലമുറയിൽ ഈ തനതായ സംസ്കാരം ചോർന്നുപോകുന്നുണ്ടോ?എന്ന പ്രധാനപ്പെട്ട ഈ ചോദ്യം നാം ഏറെ ചിന്തിക്കേണ്ടിയിരിക്കുന്ന ഒന്നാണ്. കാരണം

ജീവിതരീതിയിലും പരമ്പരാഗതമായ സംസ്കാരത്തിലും വ്യത്യാസം വെച്ചുപുലർത്താൻ ശ്രമിച്ചുവരുകയാണ്. പുതുതലമുറകൾ വസ്ത്ര ധാരണരീതിയിലും, ആഹാരരീതിയിലും, സംസ്ക്കാരത്തിലും വ്യത്യാസം വരുത്തി ഇന്ന് മലയാളമെന്ന മാതൃഭാഷയെതന്നെ ഇല്ലാതാക്കി. വിദേശ ഭാഷകളായ ഇംഗ്ലീഷ് ഭാഷാസംസ്കാരം എന്ന പുതിയരീതി സമൂഹത്തിൽ വർദ്ധിച്ചുവരുകയാണ്. ഈ അവസ്ഥ തുടർന്നാലുള്ള ഭവിഷത്തുകൾ നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു.

വിദേശഭാഷാ സ്വാധീനം ഏറിവരുന്ന ഒരു സംസ്കാരത്തിലേക്ക് നമ്മുടെ സമൂഹം നയിക്കപ്പെടുകയാണ്. മലയാളത്തിൻെറ പ്രാധാന്യം കുറച്ച് ഇംഗ്ലിഷ് വിദ്യാഭ്യാസം കുറേകൂടി മെച്ചപ്പെടുത്തി തൊഴിൽ സാധ്യതകൾക്കായും, ഏതു രംഗത്ത് ചെന്നാലും പ്രാധാന്യം ലഭിക്കാനുമായി ഇംഗ്ലീഷ് ഭാഷ പരിപ്പോഷിപ്പിക്കുകയാണ് ചെയ്യുന്നത്.അതിനാൽ ഇന്നൊരു വിദ്യാർഥിയോട് മഹാകാവ്യങ്ങളെ കുറിച്ച് വിശദീകരിക്കാനും കടിക്കൂടിയ പദങ്ങൾ എഴുത്താനോ ആവശ്യപ്പെട്ടാൽ അവർ നിസ്സഹായരാണ്. കാരണം ഇംഗ്ലീഷ് ചിടയിൽ വളർന്നുവന്ന് മലയാളമെന്ന ഭാഷയെ അവഗണിക്കാൻ ശ്രമിക്കുകയാണ് മനുഷ്യർ. ഇന്ന് മലയാളം സംസാരിക്കുന്നവരെ പുച്ഛഭാവത്തിൽ വീക്ഷിക്കുന്ന ഒരു സമൂഹത്തിലേക്ക് മാറ്റപ്പെട്ടുക്കൊണ്ടിരിക്കുന്നു. എന്നാൽ അപ്പോൾ നാം ഒരു കാര്യം ഓർക്കുക മാതാവിൻെറ സ്ഥാനത്ത് നാം കണ്ടുകൊണ്ടിരുന്ന പവിത്രമായ നമ്മുടെ മാതൃഭാഷയായ മലയാളത്തെ നാം മറ്റെല്ല ഭാഷയെക്കാളും ആദ്യ സ്ഥാനംതന്നെ നൽകണം

കാലം മാറി, ജീവിതരീതിയും സമൂഹവും ലോകവുംമെല്ലാം ഇന്ന് ഉന്നമനമായ ലക്ഷ്യമാണ് വയ്ക്കുന്നത്. വിദേശരാജ്യങ്ങളിൽ തൊഴിൽ ലഭിക്കാനും ഉയർന്ന പദവികൾ നേടാനുള്ള അഭിമുഖത്തിലുമെല്ലാം ഇംഗ്ലീഷിന് പ്രാധാന്യമുണ്ട്. ആ ഭാഷയില്ലാതെ നാം ഈ സമൂഹത്തിൽ ജീവിച്ചാൽ തീർത്തും അജ്ഞതയിലേക്ക് പോവുകയും ചെയ്യും. എന്നാൽ അതൊരിക്കലും മലയാളമെന്ന ഭാഷയുടെ പവിത്രതയെ കോട്ടം തട്ടുന്ന തരത്തിലായിരിക്കരുത്. അദ്യസ്ഥാനം എന്നും നമ്മുടെ മാതൃഭീഷയ്ക്കുതന്നെ അർഹതപ്പെട്ടതാണ്.

ഇനിയുള്ള സമൂഹത്തിൽ മാതൃഭാഷയുടെ വികസനം എങ്ങനെ സൃഷ്ടിക്കാമെന്ന് നാം ചിന്തിക്കണം. മലയാളനാട് മാതൃഭാഷയെ മറക്കാതെ അതിൻെറ പ്രാധാന്യം എങ്ങനെ ഉയർത്താം ?ഇനിയുള്ള സമൂഹത്തിൽഅത്അത്യന്താപേക്ഷിതമാണോ?
തീർച്ചയായും.കാരണംനിരവധി മഹാകവികൾ ,സാഹിത്യകാരന്മാർ ഇന്നീ മണ്ണിനോട് വിട പറഞ്ഞിരിക്കുന്നു.കുറച്ചു ദിവസത്തിന് മുൻപ്

പ്രസക്ത സാഹിത്യകാരനായ എം .ടി വാസുദേവൻ നായർ അന്തരിച്ചു. ഇതുപോലെ ഒട്ടനവധി സാഹിത്യത്തിലെ മഹത്വവ്യക്തിത്വങ്ങൾ ലോകത്തുനിന്ന് പോയിരുന്നു. എന്നാൽ ഇനിയുള്ള കാലത്ത് അത്തരം യുവസാഹിത്യകാരന്മാർ ഉണ്ടാകുമോ എന്ന കാര്യത്തിൽ തീർത്തും സംശയകരമാണ്. കാരണം അത്തരത്തിലാണ് സമൂഹത്തിൻെറ പോക്ക്. ഒരുപക്ഷേ എഴുത്തച്ഛൻപോലുള്ളവരുടെ ചിന്താശേഷിയുടെ അയൽപകത്ത് പുതുതലമുറകൾ എത്തുമോ എന്ന് സംശയമാണ്. സാഹിത്യത്തിൻെറ ലോകംതന്നെ മറക്കേണ്ടിവരുമോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതിനാൽ മാതൃഭാഷയുടെ വികാസനം ഏറെ അത്യന്താപേക്ഷിതമാണ്. മാതൃഭാഷയുടെ വികാസത്തിൽ ഈ ഒരി കാരണം മാത്രം പ്രാധാന്യം അർഹിക്കുന്നുവില്ല. മലയാളം നമ്മുടെ ഭാഷയാണ് അത് നിൽനിർത്തുകയും. അതിനപ്പുറം അതിൻെറ വികസിപ്പിക്കലുമാണ് നമ്മുടെ ലക്ഷ്യം

മാതൃഭാഷയുടെ വികാസം എങ്ങനെ സൂക്ഷിക്കാം? അദ്യം വേണ്ടത് മലയാളസാഹിത്യകൃതികൾ വാതിക്കാനുള്ള ശീലം വർദ്ധിപ്പിച്ചെടുക്കുക എന്നതാണ്. അഴ്ചയിൽ ഒരു ദിവസം ഒരു പുസ്തകം വായിക്കണം. എന്നിട്ട അതിനെക്കുറിച്ച് കൂടുതൽ ചിന്തിക്കണം.ഇത് ചിന്താശേഷിയും സർഗാത്മകചിന്തയും മലയാളഭാഷാശൈലിയെയും ഉയർത്താനും പുതിയ ആശയങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്നു. തുടർന്ന് മലയാളസാഹിത്യത്തിൽ പുതിയ രചനകൾ സൃഷ്ടിക്കാനും സാധിക്കുന്നു. ഇത് മാതൃഭാഷാവികാസനത്തിന് ഏറെ അനുയോജ്യമാണ്. വായനാശീലമെന്നത് ഇന്നതെ സമൂഹത്ത് കുറഞ്ഞുകൊണ്ടിരിക്കുന്നു. അതിനെ ഇല്ലാതാക്കി വായനാശീലം പരിപോഷിപ്പിക്കലാണ് നമ്മുടെ ലക്ഷ്യം.

മഹാഭാരതം, ഭഗവത്ഗീത, രാമായണം തുടങ്ങി മഹാകാവ്യങ്ങൾ വായിക്കാനും അതിലെ ആശയങ്ങൾ ഉൾക്കോള്ളാനും നാം ശ്രമിക്കണം. ഇതിൻെറ ഭാഗമായി മലയാളത്തിലുള്ള അർഥം തേടുകയും , ആശയങ്ങൾ ഉണ്ടാക്കുകയും വഴിതിരിയാനും സാധിക്കുന്നു. ആധുനിക തലമുറകളിൽ പ്രാചീന കൃതികളുടെ അർഥം മനസ്സിലാക്കി കൊടുക്കണം. ചെറുപ്രായമുതൽ മലയാളപുസ്തകം വായിക്കാൻ കുട്ടിക്കളെ പര്യാപ്തമാക്കണം. ഇത് ഇനിയുളള സമൂഹത്തിലെ ഭാഷാവികാസനത്തിന് അടിത്തറ സൃഷ്ടക്കുന്നു.

മാതൃഭാഷാടിസ്ഥാനത്തിലും, അതിൻെറ പ്രാധാന്യം മനസ്സിലാക്കുംതരത്തിൽ , തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണം .

ഉദാഹരണമായി ഭാഷാപരിജ്ഞാനമുള്ള വിദ്യാർഥികളെ കണ്ടെത്തി സർക്കാർ സകോളർഷിപ്പ് നൽകി അതിൽ അവരുടെ താല്പര്യം വർദ്ധിപ്പിച്ച് പുതിയ സാഹിത്യകൃതികൾ സൃഷ്ടിച്ച് അത് പൊതുസമൂഹത്തിൽ വിതരണം ചെയ്യുത് തൊഴിൽ സാധ്യതയാക്കാം. ഇന്ന് വിദേശഭാഷകൾ നമ്മുടെ നാടിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നോ അത്രമാത്രം നമ്മുടെ മാതൃഭാഷയും വിദേശരാജ്യങ്ങളുടെ പ്രാധാന്യം സൃഷ്ടിക്കാൻ നാം ശ്രമിക്കണം . മലയാളത്തിൻെറ സംസ്കാരം മനസ്സിലാക്കി അതിൻെറ പ്രാധാന്യം ഉയർത്തി പുതിയ കൃതികൾ രചിച്ച് അത് സമൂഹത്തിൽ പ്രചാരം സൃഷ്ടിച്ചാൽ നിരവധിപേർ അത് വായിക്കാൻ തയാറാകും.


ചെറുപ്രായമാതൽ മാതൃഭാഷയുടെ പ്രാധാന്യം കുട്ടികളെ വ്യക്തമാക്കണം. അത് പരിപ്പോക്ഷിപ്പിക്കാനുള്ള അവസരങ്ങൾ നൽകണം. തൊഴിലിടങ്ങളിൽ മലയാളത്തിനും പ്രാധാന്യം നൽകണം. അഭിമുഖ പരീക്ഷകളിൽ മലയാളം ഉറപ്പുവരുത്തണം.


ഐതീഹ്യം വ്യക്തമാക്കുന്ന കാർട്ടൂൺ ആനിമേഷനുകൾ കുട്ടികളെ കാണിക്കണം.അതിലെ ആശയങ്ങൾ ശ്രദ്ധിച്ച മനസ്സിലാക്കാൻ പറയണം. വായനാമത്സരങ്ങൾ, പുസ്തകാസ്വാദനം തുടങ്ങി നിരവധി പരിപ്പാടികൾ കുട്ടികളെകൊണ്ട് ചെയ്യിപ്പിച്ച് പ്രോത്സാഹന സമ്മാനങ്ങൾ കൊടുക്കണം.ബൈബിൾ, ദിനപത്രം തുടങ്ങിയവ വായിക്കാനും കാണാനും കുട്ടികളെ പര്യാപ്തമാക്കണം.

ലോകം ഇന്ന് നിർമ്മിതബുദ്ധിയുടെ കൈയിലാണ്. നിർമ്മിതബുദ്ധിയാൽ അസാധ്യമായത് ഒന്നുമില്ല. എന്നാണ് പ്രവചനങ്ങൾ. എന്നാൽ സാഹിത്യരചനയെന്നു പറയുന്നത് ഒരു ചെറിയ കാര്യമല്ല. അത് ഒരാളുടെ ചിന്താശേഷിയേയും ക്രിയാത്മകതയേയും അടിസ്ഥാനമാക്കിയിരിക്കും. അതിനാൽ സാഹിത്യരചനയിൽ മനുഷ്യ മനസ്സിനെ കീഴ്പ്പെടുത്താനും ഒരു നിർമ്മിതബുദ്ധിക്കും സാധിക്കുകയില്ല. ഇവിടെയാണ് നാം മലയാളത്തിൻെറ പ്രാധാന്യം വീണ്ടും മനസ്സിലാക്കേണ്ടത്. മാതൃഭാഷയുടെ വികാസം നമ്മുടെ പ്രവർത്തികൾമൂലം സൃഷ്ടിച്ചെടുക്കാൻ സാധിക്കുന്ന ഒന്നാണ്. ഇനിവരുന്ന സമൂഹത്തിൽ മാതൃഭാഷയുടെ വികാസം അങ്ങേയറ്റം പ്രാധാന്യം അർഹിക്കുന്നു. അതിനാൽ ഈ കാലഘട്ടത്തിന് ഏറെ അനുയോജ്യമാണ് മാതൃഭാഷയുടെ വികാസം എന്നത്. മലയാളത്തിൻെറ പ്രാധാന്യം കുറഞ്ഞുവരുന്ന ഇന്ന് മലയാളമെന്ന ഭാഷ നമ്മുടെയൊക്കെ ജീവിതത്തിൽ എത്ര പ്രാധാന്യം അർഹിക്കുന്നു എന്ന് ചിന്തിച്ച് അമ്മയ്ക്ക് തുല്യം മാതൃഭാഷയെ കണ്ട് അത് സമൂഹത്തിൽ പ്രാധാന്യം സൃഷ്ടിക്കുന്ന തരത്തിൽ നമ്മുക്ക്

പ്രവർത്തിക്കാം. എവിടെയൊക്കെയാണ് മലയാളത്തിന്റെ പ്രാധാന്യം നഷ്ടപ്പെടുന്നത് എന്ന് മനസ്സിലാക്കി ആ മേഖലയിൽ , മാതൃഭാഷയുടെ പ്രാധാന്യം ഉയർത്തിക്കൊണ്ടുവന്ന് മാതൃഭാഷയുടെ വികാസം നമ്മുക്ക് പ്രാവർത്തികമാക്കാം. അതിനായി നമ്മുക്ക് ഒത്തുചേരാം.

– അനുശ്രീ അജികുമാർ





# ഓർമ്മയുടെ നിധിപ്പെട്ടികൾ

ഓർമ്മകളുടെ നിധിപ്പെട്ടികൾ
തുറന്നാൽ സങ്കടം, സന്തോഷം, വിദ്വേഷം
അധ്യാപകരുടെ ശാസനങ്ങൾ
ഇപ്പോൾ എല്ലാം ഓർമ്മയായി മാറി

പൊതിചോറുകൾ ,ചൂരൽ കഷായം
ഒളിമ്പിക്സ് ഓട്ടങ്ങൾ, അധ്യാപകരുടെ ശാസനകൾ
എത്രയെത്ര സമ്മാനങ്ങൾ വാരിക്കൂടി ഞാൻ,
തിരിച്ചുപോകാൻ പറ്റിയിരുന്നെങ്കിൽ

ഒളിച്ചിരുന്ന് കഴിച്ചുതീർത്ത മിഠായികളുടെ,
കണക്കെടുക്കാൻ പറ്റുവോ എനിക്ക്,
പ്രണയത്തിൻെറ ഗന്ധം വീശുന്ന,
കൗമാരക്കാലത്തിൻെറ ഓർമ്മകളിൽ

പതറിപ്പോയ ഞാൻ ഒരിക്കൽ
മായമില്ലാത്ത സ്നേഹബന്ധങ്ങൾക്കുമുമ്പിൽ
അധ്യാപകർ, സഹോദരിമാർ, കൂട്ടുകാരികൾ,
കൂട്ടുകാരന്മാർ, സഹോദരന്മാർ ഇവരുടെ മുമ്പിൽ
സമ്മാനിച്ച ഓർമ്മകൾക്കു നന്ദി
നിധിപ്പെട്ടികൾ സമ്മാനിച്ചതിനും......

– മേഘന സൂസൻ വിനോദ്

# അവസാനമില്ലാത്ത യാത്ര

പുലരിയിൽ ഉദിച്ചുയരും സൂര്യൻ
അസ്തമിക്കും വീണ്ടും
ജീവിതം ഒരു യാത്ര
അവസാനമില്ലാത്ത യാത്ര
പച്ചപ്പു നിറഞ്ഞ പാതകൾ
കയറ്റങ്ങൾ ഇറക്കങ്ങളും
മഴയും തിമിർത്തു പെയ്യും
കാറ്റും ശക്തിയായി വീശും
സന്തോഷത്തിൻെറ പുഞ്ചിരി
ദുഃഖത്തിൻെറ കണ്ണീർ
ജീവിത്തിൻെറ യാത്രകൾ
ഒഴുകി തീരുന്നു
സമുദ്രം പോലെ വിശാലമായ
ജീവിത്തിൻെറ യാത്രയിൽ
പുതിയ അനുഭവങ്ങൾ
കാത്തിരിക്കുന്നു നിന്നെ
കയ്യൊഴിഞ്ഞു പോകുന്ന
കാലത്തിൻെറ തിരമാലകൾ
എന്നും ഓർമ്മകളെ
കരയിലേക്ക് തള്ളിയിടും
അവസാനമില്ലാത്ത യാത്രയിൽ
പഠിക്കുക ജീവിക്കാൻ
സന്തോഷത്തോടെ മുന്നോട്ടുപോകാൻ
അതാണ് ജീവിതം.

AKHILA

# പുതുമഴ

പച്ചപരവതാനിക്കു മേലേയുള്ള
നീലപരവതാനിയിൽ നിന്ന്,
തീജ്വാലനൽകിയ അർക്കന്
വിടപറഞ്ഞെത്തിയല്ലോ നീ.

തളിരിലകളിൽ വെള്ളമുത്തുകൾ
തളിർകണങ്ങളാൽ നിറഞ്ഞ മണ്ണ്,
ആശ്വാസമേകുന്ന ഇളം തണുപ്പ്
പച്ചപരവതാനിയിൽ ആനന്ദം.

ചുറ്റുമാകെ മണ്ണിന്റെ ഗന്ധം
തളർന്ന പച്ചകൾ മുഖം തുറക്കുന്നു,
കിളികളും ജന്തുജാലങ്ങളും
പുതുമഴയിൽ ഉല്ലസിക്കുന്നു.

ഈ ചെറുവർഷത്തിനായുള്ള കാത്തിരിപ്പ്
ഇന്നലെയൊന്നും തുടങ്ങിയതല്ല,
ഒരിറ്റു വെള്ളം ഭൂമിയിൽ പതിക്കാൻ
ദിനരാത്രങ്ങൾ നാം കാത്തിരുന്നു.

വറ്റിവരണ്ടതാം അരുവികളിൽ
ഇത്തിരി വെള്ളം തെളിഞ്ഞപ്പോൾ,
കുഞ്ഞിതഡഷകങ്ങൾ നിറഞ്ഞാടി
കടലാസുതോണികൾ യാത്രയായി...

-Anna Celin Tom

# മാതൃസ്നേഹം

മഴ പെയ്ത്താലും വെയിലേറ്റാലും
മായില്ല മാതൃസ്നേഹം
ഹൃദയശതം പോൽ തുടിക്കുന്ന ഈ
സാഗരം മാതൃസ്നേഹം

**മുലപ്പാലിൽ തുടങ്ങി,മണ്ണിൽ വീഴും വരെ**
**മനസ്സിനെ താങ്ങി നിറുത്താനായ്**
**എത്ര മനോഹരം,എത്ര വൈകാരികം**
**തുണയായ മാതൃസ്നേഹം**

**മുറിവുകൾ ഉണക്കി,ശക്തിയാക്കി മനസ്സിനെ**
**മായാതെ,മറയാതെ**
**താങ്ങിനിൽക്കുമാ സ്നേഹസാഗരം**
**മധുരസ്നേഹം മാതൃസ്നേഹം**

**മറക്കാൻ പറ്റുമോ,ഒഴിവാക്കാൻ പറ്റുമോ**
**കളങ്കരഹിതമായ ഈ സ്നേഹത്തെ**
**ഒരു നാൾ നൊമ്പരമായ് മാറുന്ന**
**മഹത്തായ മാതൃസ്നേഹം**

- Jinta Thomas



# *MY LIFE IS NOT ANYMORE*

Today I'm slept in the bed of autumn .
My life is about one year.
I am the daughter of elements
With whom winter conceived.


The small balls of winter.
Enjoy me in winter.
I like the warn and clodi
breezein the period of dew.

The fragrance of my brothers and sisters
and the wonderfull rainbowsinspiring.
Gave birth to me.,I enjoyed
and danced with mmy family in my young.

By giving water in my tiredness.
By giving food in needy.
I readed in the houseof summer.
The hot breeze in night embrance me.

At last, I done my duty.
Today I gone from earth
with the autum leaves and plants.
Forever, forever, and ever.


*ANNA CELIN TOM*



# Sea Voyage


***The salty spray upon the face,***
***The endless blue,boundless space.***
***The ship that sails, a silver gleam,***
***A distant shore a walking dream.***
***The waves that crash, a rhythmic sound,***
***Adventures found on ocean ground.***


***The wind whispers secrets,secrets of the deep,***
***while ocean dreams in slumber,secrets to keep.***
***The sun descends,a fiery kiss,***
***Paintings the clouds with golden bliss.***
***The stars ignite, a diamond dust,***
***A sailors solace, ever just.***



# പരിസ്ഥിതി സംരക്ഷണത്തിൻെറ ആവശ്യകഥ

സ്വാഭവികമായി നിലനിൽക്കുന്ന പ്രകൃതിയ സംരക്ഷിക്കുന്നതിനായി ചെയ്യുന്നതിനായി പ്രവർത്തികളെയാണ് പ്രകൃതി സംരക്ഷണം എന്നതുകോണ്ട് അർഥമാക്കുന്നത്. പ്രകൃതി നമ്മുടെ അമ്മയാണ്.സുന്ദരമായ പ്രകൃതിയെ മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങളുടെ അശ്രുദ്ധമായ പ്രവർത്തികൾ, പ്രകൃതി വിഭവങ്ങളുടെ അമിതമായ ഉപയോഗം, ജനസംഖ്യ വർദ്ധനവ് നഗരവൽകരണത്തിൻെറ പേരിൽ മനുഷ്യൻ കാട്ടിക്കൂട്ടുന്ന പലതരം മലിനീകരണ പ്രവർത്തനങ്ങൾ എന്നിവ പ്രകൃതിയിൽ  മാറ്റം വരുത്തുന്നു. വനങ്ങൾ നശിപ്പിച്ചും, വന്യമൃഗങ്ങളെ വേട്ടയാടിയും, വയലുകൾ നികത്തിയും, മനുഷൻ പ്രകൃതിയെ ചൂക്ഷണം ചെയ്യുന്നു ഇങ്ങനെ ഭൃമിയുടെ  സന്തുലിതാവസ്ഥതാളം തെറ്റുമ്പോൾ പ്രകൃതിക്ഷോപങ്ങൾ ഉണ്ടാകുന്നു. ഇതിൽ നിന്നും മോചനം ഉണ്ടാവണമെങ്കിൽ നാം പ്രകൃതിയെ സംരക്ഷിച്ച് മാത്രം ജീവിച്ചേ മതിയാവൂ. നമ്മുടെ ജീവിതകാലത്തിൽ ഒരു മരം എങ്കിലും നാം വച്ചുപിടിപ്പിക്കണം.






# Drizzling Beauty

A rain falls soft , a gentle hand ,
Upon the earth,across the land.
Each drop of tear, a silver gleam,
Refelcting light,a fleeting dream.


The thirsty soil,it drinks it deep,
While flowers bloom,and secrets sleep.
A symphony of nature's grace,
The rain descends , a gentle pace.

The air is fresh,the world anew,
Washed clean by skies of misty blue.
The children dance,a joyful sight,
Beneath the rain,a pure delight.



# Sleeping beauty

The little girl, with eyes of blue,
sleeps soundly,dreaming through.
Her cheek are blushed, a rose hue,
A peaceful slumber, soft and new.
The world outside, a fading gleam,
While she in dreams, serenely
dream.
Her breath, a gentle rhythmic sigh,
As shadow lengthen soft and high.



- Judith Alien Sajo

# We Shine,Sunshine

We shine sunshine , bright and bold,
A golden light ,a story told.
Of kindness warm ,a gentle breeze,
That rustles leaves among the trees.

We shine sunshine, on faces gray,
To choose the shadows far away.
A helping hand , a listening ear,
To dry the tears and banish fear.

We shine sunshine ,on hearts that yearn,
A flicker of hope ,a lesson learned.
To spread the joy ,to share the light,
And make the world a brighter sight.

We shine sunshine ,in every deed,
A helping hand ,a planted seed.
Of empathy and love's embrace,
Leaving smiles on every face.

We shine sunshine , day by day,
Lighting up the darkest way.
A beacon bright , a guiding star,
Shining hope from near and far.
We shine sunshine , with every word
Of encouragement , softly heard.
Building bridges , mending strife,
Enriching each and every life.

So let us shine , with hearts of true,
Let sunshine radiate anew.
For in our hands , the powerful lies,
To make the world a brighter prize.

# അക്ഷര സ്പന്ദനം

വാക്കുകളുടെ അതിരുകൾ കടന്ന്
അക്ഷരങ്ങൾ ജീവനാക്കുന്നിടം,
ഹൃദയത്തിൻെറ ഹൃദ്യസ്വരങ്ങൾ
കവിതയായി സൃഷ്ടിക്കപ്പെടുന്നു.

ഒരു ചിന്തയുടെ കരുത്തിൽ
ഒരു സ്വപനത്തിൻെറ രചന,
അക്ഷരങ്ങൾ പൂക്കളായി വിരിയുന്നു
വണ്ടുകൾ തേൻ നുകരുന്നു.

വേദന , ആനന്ദം
വിഷമം , പ്രണയം ,
സകല സ്പന്ദനങ്ങളുടെയും
നിറവാകുന്നു അക്ഷരങ്ങൾ.

പ്രതീക്ഷയുടെ കിനാവിൽ
പ്രണയത്തിൻ്റെ ചെറു കാറ്റിൻ,
കവിതയായി വിടർന്ന നിമിഷം
അക്ഷരങ്ങൾക്കു സ്പന്ദനമായ്
നൽകുന്നു ജീവിതം.

- Anugraha

# The Kerala's Beauty

*The Kathakali dancers,a vibrant hue,*
*With painted faces,bold and new.*
*The theyyam spirits,wild and free,*
*A mystic dance for all to see.*

*The land of coconuts, where backwaters gleam,*
*Kerala, a verdant dream.*
*Where spice wind blow and breezes sigh,*
*Beneath a sky of endless dye.*

*The backwaters glide,a tranquil scene,*
*A houseboat drift, a peaceful queen.*
*Coconuts sway, a rhythmic sound,*
*While life in kerala gently is found.*

*The hills are green, the valleys deep,*
*Where secrets slumber, secrets sleep.*
*The rivers flow, a silver thread,*
*Through emerald rice field, softly spread.*

*From kovalam shores to Munnar's height,*
*A beauty rare, a wondrous sight.*
*Kerala, a land of grace and charm,*
*Forever held within my hearts warm.*

# പ്ലാസ്റ്റിക്-രഹിത കേരളം

“പ്ലാസ്റ്റിക്ക് രഹിത കേരളം" എന്നത് കേരള സർക്കാർ ആരംഭിച്ച ഒരു പദ്ധതിയാണ്.ഈ പദ്ധതിയുടെ ലക്ഷ്യം കേരളത്തെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളിൽ നിന്ന് മുക്തമാക്കുക എന്നതാണ്.പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കേരളത്തിലെ പ്രധാന പരിസ്ഥിതി പ്രശ്നങ്ങളിൽ ഒന്നാണ്.അവ നദികളെയും കടലിനെയും മലിനമാക്കുകയും വന്യജീവികളെ പ്രതിസന്ധിയിൽ വീഴ്ത്തുകയും ചെയ്യുന്നു.ഈ സാഹചര്യത്തിലാണ് കേരള സർക്കാർ ഈ പദ്ധതി ആരംഭിച്ചത്.ഇതിൽ പ്ലാസ്റ്റിക്ക് നിരോധനം,പുനരുപയോഗിക്കാവുന്ന ഉത്പന്നങ്ങളുടെ പ്രോത്സാഹനം,പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ ശരിയായ നിർമ്മാർജനം എന്നിവ ഉൾപ്പെടുന്നു.”**ഹരിത-കർമ്മ സേന"**ഈ പദ്ധതിയുടെ ഭാഗമാണ്.ആ സംഘം പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ വീടുകളിൽ നിന്ന് ശേഖരിക്കുകയും അവ പുനരുപയോഗിക്കുകയും ചെയ്യുന്നു.പഞ്ചായത്ത് മുഖേനയാണ് ഇവർ പ്രവർത്തിക്കുന്നത്.കേരള സർക്കാർ പ്ലാസ്റ്റിക്ക് പുനരുപയോഗവും ഇതിനു പകരമായി ഉപയോഗിക്കാവുന്ന ജൈവപരമായ മാർഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുകയും ചെയ്യുന്നു.

- Meghana Susan Vinod


LITTLE KITES


THANK YOU!